



# ദൈവകൃപ നിറഞ്ഞൊരു മൗനം

**ഫാ. ജോജോ പയ്യപ്പിള്ളി**
ചീഫ് എഡിറ്റർ

**ദൈ**വം കൃപകൾ കൊണ്ടു നിറച്ച ഒരു മൗനത്തിന്റെ പേരാണ് യൗസേപ്പ്. യൗസേപ്പിതാവിനെ കുറിച്ച് ഒരു പാരമ്പര്യ കഥയുണ്ട്. മേരിക്ക് ചേർന്ന ഒരു വരനെ കണ്ടുപിടിക്കാൻ വേണ്ടി പ്രധാന പുരോഹിതൻ യുവാക്കാളെയെല്ലാം വിളിച്ചു വരുത്തി. ഒരു മരച്ചില്ലയും കയ്യിലെടുത്തു വരണം എന്ന് അവരോടു പറഞ്ഞിരുന്നു. മേരിയെ വിവാഹം ചെയ്യേണ്ടയാളുടെ ചില്ലയിൽ പൂക്കൾ പൊട്ടിവിടരും എന്ന് ദൈവിക വെളിപാട് പുരോഹിതന് ലഭിച്ചിരുന്നു. യൗസേപ്പ് വെറുമൊരു ഉണങ്ങിയ കമ്പുമായാണ് വന്നതെങ്കിലും അതൊന്നു ഉയർത്തിയപാടെ പൂത്തു തളിർത്തു, സുന്ദരമായ പൂക്കൾ വിടർന്നു. ചില മനുഷ്യർ അങ്ങനെയാണ്. വിരൽ തുമ്പിൽപോലും ദൈവ കൃപ കൊണ്ടു നടക്കുന്നവർ. അവരൊന്നു ഉണക്ക കമ്പിൽ തൊട്ടാൽപോലും പൂക്കളും വസന്തവും ഉണ്ടാകും. ദൈവകൃപ നിറഞ്ഞൊരു മൗനത്തിന്റെ ആഴങ്ങളിൽ നിന്നുകൊണ്ട് ഉണങ്ങിയ കമ്പുകളിൽപോലും വെള്ളപ്പൂക്കൾ പൊട്ടിവിരിയിക്കുന്നവർ ആകാനാണ് നമുക്ക് ഓരോരുത്തർക്കും യൗസേപ്പിതാവ് നൽകുന്ന ക്ഷണം.

"Generations to come, it may well be,
will scarce believe that such a man as this one ever in flesh and blood walked upon this earth."
- Albert Einstein

"ഇദ്ദേഹത്തെപോലെ മാംസരക്തങ്ങൾ ഉള്ള ഒരു മനുഷ്യൻ ഈ ഭൂമിയിൽ ജീവിച്ചിരുന്നു എന്ന് പറഞ്ഞാൽ വരും തലമുറക്ക് അത് അവിശ്വസനീയം ആയി തോന്നിയേക്കാം." മഹാത്മാ ഗാന്ധിയുടെ 70-ാം ജന്മദിനത്തിൽ അമേരിക്കൻ ഭൗതിക ശാസ്ത്രജ്ഞൻ ആയിരുന്ന ആൽബർട്ട് ഐൻസ്റ്റീൻ പറഞ്ഞ വാക്കുകൾ ആണിത്. വിശുദ്ധ യൗസേപ്പിതാവിന്റെ ജീവിതത്തോട് കൂട്ടി വായിക്കാവുന്ന വാക്കുകൾ. മനുഷ്യ കുലത്തിനു വേണ്ടി ദൈവം കണ്ട സ്വപ്നങ്ങൾക്ക് നിറങ്ങൾ കൊടുക്കാൻ യൗസേപ്പിതാവ് ജീവിതം ദൈവത്തിന് വിട്ടുകൊടുത്തു. സ്വന്തം ഇഷ്ടങ്ങളൊക്കെ ജീവിതത്തിന്റെ ഓരത്തേക്ക് മാറ്റിവച്ചു.



മതബോധന ക്ലാസ്സിൽ കുഞ്ഞുങ്ങളോട് അധ്യാപികയുടെ ചോദ്യം :

“നിങ്ങൾക്ക് ഏറ്റവും ഇഷ്ടം ആരെയാണ്?”

മിടുക്കനായ ഒരുവൻ മറുപടി പറഞ്ഞു: “എന്നെ തന്നെ.”'

“അതുകഴിഞ്ഞാലോ?” വീണ്ടും അധ്യാപികയുടെ ചോദ്യം.

“അതു കഴിയുന്നില്ലല്ലോ.” നിഷ്കളങ്കമായ മറുപടി പെട്ടെന്ന് തന്നെ വന്നു.

നമ്മൾ നമ്മളെ തന്നെ ഏറ്റവും കൂടുതലായി സ്നേഹിക്കുന്ന ഈ ലോകത്തിൽ വിശുദ്ധ യൗസേപ്പിതാവിന്റെ ജീവിതം വേറിട്ടു നിൽക്കുന്നതിവിടെയാണ്. ഒരു ചെറു മൗനത്തോടെ കൂടെയുള്ളവരെ നിബന്ധനകൾ ഇല്ലാതെ സ്നേഹിക്കുന്ന ഒരു മനുഷ്യൻ. ‘സ്നേഹം സ്വാർത്ഥം അന്വേഷിക്കുന്നില്ല’ എന്ന വിശുദ്ധ പൗലോസിന്റെ വചനം യൗസേപ്പിതാവിന്റെ ജീവിതത്തോട് ചേർത്തുവായിക്കേണ്ടത് ഇവിടെയാണ്.

രാജാക്കന്മാരുടെ ഒന്നാം പുസ്തകത്തിൽ പ്രവാചകനായ ഏലിയായെ കാണുന്നുണ്ട്. കൊല്ലാൻ നടക്കുന്നവരിൽ നിന്നും ഒഴിഞ്ഞു മാറി മലമുകളിൽ ദൈവത്തിന് വേണ്ടി അവൻ കാത്തിരിക്കുന്നു. പാറകൾ തകർക്കുന്ന കൊടുകാറ്റിലും ഭൂകമ്പത്തിലും സർവത്തിനെയും ഭസ്മമാക്കുന്ന അഗ്നിയിലും അല്ല അവനു ദൈവിക അനുഭവം ലഭിക്കുന്നത്. ഇവക്കെല്ലാം ശേഷം ഒരു നനുത്ത മൃദുസ്വരമായി ദൈവശബ്ദം അവന്റെ കാതുകളിലേക്ക് എത്തുന്നു. സുവിശേഷം യൗസേപ്പിതാവിന്റെ വാക്കുകളൊന്നും സൂക്ഷിച്ചു വച്ചിട്ടില്ല. നിശബ്ദമായാണ് അദ്ദേഹത്തിന്റെ പ്രവർത്തനം മുഴുവൻ. യൗസേപ്പിതാവിന്റെ നീതിയുടെയും കരുണയുടെയും വിശുദ്ധിയുടെയും അടിത്തറ ഈ ദൈവികമായ മൗനം തന്നെ ആയിരുന്നു, കൃപ നിറഞ്ഞ മൗനം. മാർച്ച് മാസം വീണ്ടും നാം ഈ വത്സല പിതാവിനെ ഓർമിക്കുന്ന ദിനങ്ങളാണ്. വിശുദ്ധ യൗസേപ്പിന്റെ ജീവിതം ധ്യാനിക്കുന്ന ഓരോ മനുഷ്യനും ഈ കൃപയുടെ മൗനം സ്വന്തമാക്കി ദൈവത്തിന്റെ സ്വപ്നങ്ങൾ ജീവിതത്തിൽ ഏറ്റെടുക്കാൻ സാധിക്കട്ടെ...

## യാത്രാമംഗളങ്ങൾ



കഴിഞ്ഞ മൂന്നര വർഷക്കാലം
രൂപതാ മതബോധന
കേന്ദ്രത്തിന്റെ ഡയറക്ടറായി
മതബോധന പ്രവർത്തനങ്ങൾക്ക്
നേതൃത്വം നൽകുകയും,
ദിദിമോസിന്റെ മാനേജിങ് എഡിറ്ററായും
സേവനം ചെയ്ത ബഹുമാനപ്പെട്ട

**ജോയ് സ്രാമ്പിക്കൽ അച്ചന്**

യാത്രാമംഗളങ്ങൾ നേരുന്നു.



കഴിഞ്ഞ മൂന്നര വർഷക്കാലം
ദിദിമോസിന്റെ ചീഫ് എഡിറ്ററായി
സേവനം ചെയ്ത ബഹുമാനപ്പെട്ട

**ജോസഫ് മാളിയേക്കൽ അച്ചന്**

യാത്രാമംഗളങ്ങൾ നേരുന്നു.

# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ മാർച്ച് 2024



**രക്ഷാധികാരി**

റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടൽ

**ചീഫ് എഡിറ്റർ**

ഫാ. ജോജോ പയ്യപ്പിള്ളി

**അസോസിയേറ്റ് എഡിറ്റേഴ്സ്**

ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ

ശ്രീ. ടൈറ്റസ് ഗോതുരുത്ത്

**മാനേജിംഗ് എഡിറ്റർ**

ഫാ. സിജോ വേലിക്കകത്തോട്ട്

**സർക്കുലേഷൻ മാനേജർ**

ഫാ. നിമേഷ് കാട്ടാശ്ശേരി

**പത്രാധിപ സമിതി**

ഫാ. ലിജോ മാത്യു താണിപ്പിള്ളി

ശ്രീ. സിപ്പി പള്ളിപ്പുറം

ശ്രീ. ജോയ് ഗോതുരുത്ത്

ശ്രീ. ജോസഫ് പനക്കൽ

**സബ് എഡിറ്റേഴ്സ്**

ഫാ. എബ്നേസർ ആന്റണി കാട്ടിപ്പറമ്പിൽ

ഫാ. നിഖിൽ ജോർജ്ജ് മുട്ടിക്കൽ

**ഡി. ടി. പി.**

ശ്രീമതി നിഷ സോജൻ



എഡിറ്റർ, ദിദിമോസ്, വികാസ്,

കോട്ടപ്പുറം – 680 667

ഫോൺ : 0480 2807678

didimoskottapuram@gmail.com


## താളുകളിൽ


പൈതൃകാമുഖം ........ 5

മെത്രാഭിഷേക കർമ്മങ്ങൾ ........ 6

മൊഴി - മിഴി - വഴി ........ 11

ക്രൂശിതൻ ........ 12

നോട്ടം ........ 13

പാൽപുഞ്ചിരി ........ 15


അയൽക്കൂട്ടം ........ 16

TRANSFER LIST ........ 18

വാർത്തകൾ ........ 20

പിതാവിന്റെ ഡയറി ........ 27

പിൻമൊഴി ........ 28

# ദിദിമോസ് കുടുംബത്തിലേക്ക് സ്വാഗതം



ചീഫ് എഡിറ്ററായി
ചുമതലയേറ്റ ബഹുമാനപ്പെട്ട
**ഫാ. ജോജോ പയ്യപ്പിള്ളി**



മാനേജിങ് എഡിറ്ററും
രൂപതാ മതബോധന ഡയറക്ടറുമായി
ചുമതലയേറ്റ ബഹുമാനപ്പെട്ട
**ഫാ. സിജോ വേലിക്കകത്തോട്ട്**



സർക്കുലേഷൻ മാനേജറായി
ചുമതലയേറ്റ ബഹുമാനപ്പെട്ട
**ഫാ. അഗസ്റ്റിൻ നിമേഷ് കാട്ടാശ്ശേരി**



സബ്-എഡിറ്ററായി
ചുമതലയേറ്റ ബഹുമാനപ്പെട്ട
**ഫാ. എബ്നേസർ ആന്റണി
കാട്ടിപ്പറമ്പിൽ**



സബ്-എഡിറ്ററായി
ചുമതലയേറ്റ ബഹുമാനപ്പെട്ട
**ഫാ. നിഖിൽ ജോർജ്ജ് മുട്ടിക്കൽ**



ഡി.ടി.പി. വർക്കുകളുടെ
ചുമതലയേറ്റ
**ശ്രീമതി നിഷ സോജൻ**





# തപസ്സിലൂടെയുള്ള ഉയിർപ്പ്

**ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ**
കോട്ടപ്പുറം രൂപത മെത്രാൻ

തപസ്സുകാലം പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും മാനസാന്തരത്തിന്റെയും പങ്കുവയ്ക്കലിന്റെയും സമയമാണ്. വി. പൗലോസ് അപ്പസ്തോലൻ പറയുന്നത്, "യഥാർത്ഥമായ വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ നിങ്ങൾ ധരിക്കുവിൻ" (എഫേ 4:24) എന്നാണ്. നമ്മുടെ കഴിഞ്ഞ കാലത്തെക്കുറിച്ച് ചിന്തിക്കുവാനും വിലയിരുത്തുവാനും തെറ്റുകൾ തിരുത്തി മാറ്റം വരുത്തുവാനും സ്വർഗ്ഗീയ സന്തോഷം നേടുവാനുമുള്ള ഒരു കാലമാണിത്. ശരീരത്തെ വിശുദ്ധിയിൽ നിലനിർത്തി, ഇന്ദ്രിയങ്ങൾക്ക് കടിഞ്ഞാണിട്ട് മനസ്സിനെ പാകപ്പെടുത്തുവാനുള്ള ഈ സമയം താല്കാലിക സന്തോഷങ്ങളുടെ നീർക്കുമിളകളിൽ നിന്നും, അച്ചടക്കമില്ലാത്ത അടിമത്തത്തിൽ നിന്നും ഉൾവലിഞ്ഞ് ആത്മീയ വളർച്ചയുടെ ഉയരങ്ങളിലേക്കുള്ള കാൽവയ്പ്പാണ്.

40 രാവും 40 പകലും മരുഭൂമിയിലൂടെ യാത്രചെയ്ത് സ്വാതന്ത്ര്യത്തിന്റെ പക്വതയിലേക്ക് വളർന്ന ഇസ്രായേൽ ജനത്തോടൊപ്പം, 40 ദിനരാത്രങ്ങൾ ദൈവത്തിന്റെ സ്വരത്തിനായി കാതോർത്ത ഏലിയാ പ്രവാചകനൊപ്പം, യോനാ പ്രവാചകന്റെ മുന്നറിയിപ്പു പ്രകാരം 40 ദിവസം ഉപവസിച്ച നിനെവേ നിവാസികൾക്കൊപ്പം, 40 ദിനരാത്രങ്ങൾ ഉപവസിച്ച ഈശോയോടൊപ്പം നമ്മുടെ ഈ നാല്പതു ദിനങ്ങൾ വിശുദ്ധമായി കാത്തുസൂക്ഷിക്കാം. ഈ ദിനങ്ങളിൽ പ്രാർത്ഥിക്കുമ്പോൾ ദൈവത്തോട് കൂടുതൽ സ്നേഹം കാണിക്കാം. ഈ ദിനങ്ങളിൽ ഉപവസിക്കുമ്പോൾ ഞാൻ ആരാണെന്നും, ഞാൻ എവിടെ നിൽക്കുന്നുവെന്നും ആത്മശോധന ചെയ്യാം. ദാനധർമ്മത്തിനായി കൈതുറക്കുമ്പോൾ ഹൃദയം തുറന്ന് എല്ലാവർക്കുമായി ഉയിർത്തെഴുന്നേൽക്കുവാൻ നമുക്കു കഴിയട്ടെ.

**അഞ്ചു പ്രതിജ്ഞകൾ ഇത്തവണ നമുക്ക് കൂട്ടാവട്ടെ.**

1. ഓരോ ദിവസവും വ്യക്തിപരമായി വചനപാരായണത്തിനായി 30 മിനിറ്റ് ചെലവഴിക്കുക.
2. കമ്പ്യൂട്ടറിന്റെയും അമിതമായ മൊബൈൽ ഫോണിന്റെയും ഉപയോഗം മാറ്റിവച്ചുകൊണ്ട് വൈകിട്ട് 7 മണി മുതൽ 8 മണി വരെ 'മാധ്യമ വിമുക്ത മണിക്കൂർ' പ്രാർത്ഥനയിൽ കുടുംബത്തോടൊപ്പം ചെലവഴിക്കാം.
3. ശനിയാഴ്ച വൈകിട്ട് ഒരു മണിക്കൂർ 'മതബോധന മണിക്കൂർ' ആയി മാറ്റിവച്ച് മാതാപിതാക്കൾ മക്കൾക്കൊപ്പം ചെലവഴിക്കാൻ ശ്രമിക്കാം.
4. നമ്മുടെ അടുത്തും അകലെയുമുള്ള രോഗികളെ സന്ദർശിക്കാൻ ശ്രമിക്കാം.
5. അനുദിനം വിശുദ്ധ ബലിയിൽ പങ്കെടുക്കാൻ ശ്രമിക്കാം.

വിശുദ്ധമായ നോമ്പുകാലത്തിലൂടെ സമാധാനത്തിന്റെയും സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും ഉയിർപ്പ് നിങ്ങൾക്കേവർക്കും നേരുന്നു.



# മുസിരിസ് നഗരിക്ക് നിറച്ചാർത്തായി മെത്രാഭിഷേക കർമ്മങ്ങൾ

*ദിദിമോസ് ന്യൂസ് സർവ്വീസ്*

**ക്രി**സ്തു ശിഷ്യനായ വിശുദ്ധ തോമസിന്റെയും വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റേയും വിശുദ്ധ ജോൺ ബ്രിട്ടോയുടേയും പാദസ്പർശത്താൽ അനുഗ്രഹീതവും പൈതൃക സംസ്കൃതിയാൽ അലംകൃതവുമായ മുസിരിസ് നഗരിയായ കൊടുങ്ങല്ലൂരിൽ സ്ഥിതി ചെയ്യുന്ന കോട്ടപ്പുറം രൂപതയെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ പുതിയൊരു ഇടയനെ ചുമതലയേല്പിച്ചു. രൂപതയെ പോറ്റി വളർത്താനും പരിപാലിക്കാനും 2023ലെ മെത്രാൻ സിനഡിന്റെ പശ്ചാത്തലത്തിൽ ഏവരേയും ആശ്ലേഷിച്ച് ആശ്വസിപ്പിച്ച് കൂടെ കൊണ്ടുനടക്കാനും മോൺ. അംബ്രോസ് പുത്തൻവീട്ടിൽ നിയുക്തനായി. രൂപതയുടെ മൂന്നാമത്തെ ഇടയനായാണ് 2024 ജനുവരി 20ന് മോൺ. അംബ്രോസ് പുത്തൻവീട്ടിൽ അഭിഷിക്തനായത്.

കോട്ടപ്പുറം സെന്റ് മൈക്കിൾസ് കത്തീഡ്രൽ മൈതാനത്ത് പ്രത്യേകം തയ്യാറാക്കിയ വേദിയിൽ സംഘടിപ്പിച്ച തിരുകർമങ്ങളിൽ ഇന്ത്യയുടെ വത്തിക്കാൻ സ്ഥാനപതിയും വിവിധ സഭാധ്യക്ഷന്മാരും വൈദികരും സന്ന്യസ്തരും ആയിരക്കണക്കിന് വിശ്വാസികളും സാക്ഷ്യം വഹിച്ചു. വൈകീട്ട് മൂന്നിന് ചടങ്ങുകൾക്ക് തുടക്കമായി. കനത്ത ചൂടു വകവെയ്ക്കാതെ പ്രത്യേകം തയ്യാറാക്കിയ പന്തലിൽ ജനങ്ങൾ നേരത്തെ തന്നെ ഇടം പിടിച്ചിരുന്നു. അവതാരകനായ ഫാ ഡയസ് വലിയമരത്തുങ്കൽ പുതിയ മെത്രാനെക്കുറിച്ച് ചെറുവിവരണം നല്കി. അപ്പോൾ മെത്രാഭിഷേകത്തിന്റെ സൂചനയായി കത്തീഡ്രലിലെ മണികൾ മുഴങ്ങി.

വൈകീട്ട് മൂന്നിന് കത്തീഡ്രലിന്റെ മുഖ്യകവാടത്തിൽ എത്തിയ മോൺ. അംബ്രോസ് പുത്തൻവീട്ടിൽ, വത്തിക്കാൻ പ്രതിനിധി ആർച്ച് ബിഷപ് ഡോ. ലിയോപോൾദോ ജിറെല്ലി, എന്നിവർക്ക് ബിഷപ് ഡോ. അലക്സ് വടക്കുംതല, റവ.ഡോ ജോൺസൻ പങ്കേത്ത്, കത്തീഡ്രൽ വികാരി ഫാ. ജാക്സൻ വലിയപറമ്പിൽ എന്നിവർ ചേർന്ന് ഉജ്വലമായ സ്വീകരണം നൽകി. 50 പൊൻകുരിശുകളോടു കൂടെ നൂറ് മാലാഖമാരും പരമ്പരാഗത വസ്ത്രമായ ചട്ടയും മുണ്ടും ധരിച്ച നൂറ് സ്ത്രീകളും അൻപത് അൾത്താരബാലന്മാരും ചേർന്ന് സ്വീകരണത്തിന് മാറ്റ് കൂട്ടി. അപ്പോൾ തിരുക്കർമ്മങ്ങളുടെ ആമുഖഗീതിയായ പരമ്പരാഗത ലത്തീൻ ഗാനം 'എച്ചേ സാച്ചേർദോസ്'– 'ഇതാ മഹാപുരോഹിതൻ' എന്നു തുടങ്ങുന്ന സ്വാഗതഗീതി ഗായകസംഘം ആലപിച്ചു. തുടർന്ന് ഫാ. ജോസഫ് മനക്കിൽ രചിച്ച്



"അവൻ ഉണർന്ന്, ശിശുവിനെയും അമ്മയെയും കൂട്ടി, ആ രാത്രിതന്നെ ഈജിപ്തിലേക്കു പോയി"

മത്തായി 2 : 14

ജെറി അമൽദേവ് ഈണം നല്കിയ 'വരുന്നു ഞാൻ പിതാവേ നിൻ തിരുവുള്ളം നിറവേറ്റാൻ' എന്ന പ്രവേശന ഗാനം മുഴങ്ങിയപ്പോൾ നിയുക്ത മെത്രാനും മെത്രാന്മാരും മുഖ്യസഹകാർമ്മികരും മുഖ്യകാർമികനും വൈദീകരും ബലിവേദിയിലേക്ക് പ്രദക്ഷിണമായി എത്തി.

കോട്ടപ്പുറം രൂപത അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ബിഷപ്പ് ഡോ. അലക്സ് വടക്കുംതല സ്വാഗതം ആശംസിച്ചു. ആർച്ച്ബിഷപ്പ് ഡോ. ഫ്രാൻസിസ് കല്ലറക്കലിന്റെയും, ബിഷപ്പ് ഡോ. ജോസഫ് കാരിക്കശ്ശേരിയുടെയും സേവനങ്ങളെ അദ്ദേഹം സ്മരിച്ചു. വരാപ്പുഴ ആർച്ച്ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിലിന്റെ മുഖ്യകാർമികത്വത്തിൽ ദിവ്യബലി ആരംഭിച്ചു. കോട്ടപ്പുറം രൂപതയുടെ പ്രഥമ ബിഷപ് ആർച്ച്ബിഷപ് എമിരിറ്റസ് ഡോ. ഫ്രാൻസിസ് കല്ലറക്കലും ദ്വിതീയ മെത്രാൻ ബിഷപ് എമിരിറ്റസ് ഡോ. ജോസഫ് കാരിക്കശേരിയും മുഖ്യസഹകാർമികരായി. തിരുകർമങ്ങളിൽ അത്യുന്നതനെ പാടി പുകഴ്ത്തുന്ന ഗ്ലോറിയ, ഗായകസംഘത്തോടൊപ്പം വിശ്വാസസമൂഹവും ഒരുമിച്ചുപാടി. സിസ്റ്റർ മെർലിറ്റ സിടിസി, ബ്രദർ ലിജോ ക്രിസ്റ്റി എന്നിവർ ദൈവവചന വായനകൾ നടത്തി. സെബി തുരുത്തിപ്പുറം സങ്കീർത്തനം ആലപിച്ചു. ഡീക്കൻ ജോമിറ്റ് ജോയൻ നടുവിലവീട്ടിൽ സുവിശേഷ പാരായണം നടത്തി.

ദൈവവചനപ്രഘോഷണത്തിനും സുവിശേഷ വായനയ്ക്കും ശേഷം മെത്രാഭിഷേക ചടങ്ങുകൾ ആരംഭിച്ചു. പരമ്പരാഗത ലത്തീൻ പരിശുദ്ധാത്മ ഗീതമായ 'സ്രഷ്ടാവാം പാവനാത്മാവേ' എന്നു തുടങ്ങുന്ന ഗാനമപ്പോൾ ഭക്തിസാന്ദ്രമായി അഭിഷേക വേദിയിൽ മുഴങ്ങി. രൂപത ചാൻസലർ റവ. ഡോ. ബെന്നി വാഴക്കൂട്ടത്തിൽ, ഡോ. അംബ്രോസിനെ മെത്രാനായി അഭിഷേകം ചെയ്യണമെന്ന് ദൈവജനം അങ്ങയോട് അപേക്ഷിക്കുന്നു എന്ന് മുഖ്യകാർമികനായ ആർച്ച്ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിലിനോട് അഭ്യർഥിച്ചു. "അതിനുള്ള അപ്പസ്തോലിക തിട്ടൂരം ലഭിച്ചിട്ടുണ്ടോ" എന്ന് മുഖ്യകാർമികൻ ചോദിച്ചു. "ലഭിച്ചിട്ടുണ്ട്" എന്ന് മറുപടി ലഭിച്ചു. "എന്നാൽ അതിപ്പോൾ വായിക്കട്ടെ" എന്നു കാർമികൻ പറഞ്ഞു. ഡോ. അംബ്രോസ് പുത്തൻവീട്ടിലിനെ കോട്ടപ്പുറം ബിഷപ്പായി നിയമിച്ചു കൊണ്ടുള്ള ഫ്രാൻസിസ് പാപ്പയുടെ ബൂള (നിയമനപത്രം) ചാൻസലർ റവ. ഡോ. ബെന്നി വാഴക്കൂട്ടത്തിൽ ലത്തീനിലും രൂപതയുടെ മുൻ ചാൻസലർ റവ. ഡോ. ഫ്രാൻസിസ്കോ പടമാടൻ മലയാളത്തിലും വായിച്ചു. തുടർന്ന് ഗായയസംഘം "സ്തുതി പാടിടാം" എന്ന ഗാനം ആലപിച്ചു. ഇതിനു ശേഷം കോഴിക്കോട് ബിഷപ്പും കെആർഎൽസിബിസി പ്രസിഡന്റുമായ ഡോ.വർഗീസ് ചക്കാലക്കൽ വചനപ്രഘോഷണം നടത്തി.

തുടർന്ന് സന്നദ്ധത പ്രകാശന കർമം നടന്നു. ആർച്ച്ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ നിയുക്ത മെത്രാനോട് "മെത്രാനായി അഭിഷേകം ചെയ്യപ്പെടേണ്ടയാൾ സത്യവിശ്വാസം അഭംഗുരം കാത്തുസൂക്ഷിക്കുകയും കടമകൾ വിശ്വസ്തതയോടെ നിർവഹിക്കുകയും ചെയ്യുമെന്നുള്ള ദൃഢനിശ്ചയം ബഹുജനസമക്ഷം പ്രഖ്യാപിക്കണമെന്നു സഭാപിതാക്കന്മാരുടെ പരമ്പരാഗതമായ പതിവ് അനുശാസിക്കുന്നതിനാൽ മെത്രാനടുത്ത കടമകൾ, പരിശുദ്ധാത്മാവിന്റെ അനുഗ്രഹത്താൽ, പാപ്പയുടെ പരമാധികാരത്തിനു വിധേയമായി ജീവിതാന്ത്യം വരെ വിശ്വസ്തതയോടെ നിർവഹിക്കാൻ സന്നദ്ധനാണോ" എന്നു തിരക്കി. സന്നദ്ധത അറിയിച്ചതിനു ശേഷം ഫാ. മിഥുൻ മെന്റസ് സകല വിശുദ്ധരുടെയും ലുത്തിനിയ ആലപിച്ചു. ഈ സമയം മോൺ. ഡോ. അംബ്രോസ് സാഷ്ടാംഗ പ്രണാമം ചെയ്തു. കാർമികരും ദൈവജനവും മുട്ടുകുത്തി ദീർഘമായ സകല വിശുദ്ധരുടെ പ്രാർഥനാമഞ്ജരിയിൽ പങ്കുചേർന്നു. പ്രാർഥനയ്ക്കു ശേഷം കൈവയ്പ്പു ശുശ്രൂഷാ കർമം നടന്നു. നിയുക്തമെത്രാൻ

പ്രധാനകാർമികനു മുന്നിൽ മുട്ടുകുത്തി നിന്നു. പ്രധാനകാർമികനും തുടർന്ന് സഹകാർമികരും മറ്റു മെത്രാന്മാരും അദ്ദേഹത്തിന്റെ ശിരസിൽ കൈകൾ വച്ച് മൗനമായി പ്രാർഥിച്ചു. ഡോ. കളത്തിപ്പറമ്പിൽ അതിനുശേഷം മോൺ. അംബ്രോസിന്റെ ശിരസ്സിൽ തൈലാഭിഷേകം നടത്തുകയും സുവിശേഷഗ്രന്ഥദാനം നടത്തുകയും ചെയ്തു.

പുതിയ മെത്രാനെ വിശ്വാസത്തിന്റെ മുദ്രയായി മോതിരമണിയിക്കുകയും ശിരസിൽ വിശുദ്ധിയുടെ പ്രതീകമായ അംശമുടി അണിയിക്കുകയും ദൈവജനപാലനാധികാരത്തിന്റെ ചിഹ്നമായി അധികാരദണ്ഡു നൽകുകയും ചെയ്തു. മെത്രാഭിഷേകം പൂർത്തിയായതോടെ ബിഷപ്പ് ഡോ. അംബ്രോസിനെ പ്രധാന ഇരിപ്പിടത്തിലേക്ക് മുഖ്യകാർമികൻ ആനയിച്ച് ഇരുത്തി. സ്ഥാനഗ്രഹണത്തിന്റെ പ്രതീകമായിരുന്നു അത്. ഈ സമയം ദൈവജനം കരഘോഷം മുഴക്കി. തുടർന്ന് എല്ലാ മെത്രാന്മാരും ബിഷപ് ഡോ. അംബ്രോസിന് സമാധാന ചുംബനം നല്കി. അപ്പോൾ ഗായകസംഘം "ദൈവമേ നിൻ കരുണയെത്ര അവർണ്ണനീയം" എന്ന ഗാനം ആലപിച്ചു. രൂപതയിലെ വൈദീകരും സന്യസ്തരും അല്മായ പ്രതിനിധികളും പുതിയ മെത്രാന്റെ മോതിരം ചുംബിച്ച് ആദരവും വിധേയത്വം പ്രകടിപ്പിച്ചു. ഈ സമയം "ദിവ്യമാം ശാന്തിതൻ ദൂതനായെന്നെ നീ നിത്യം നയിക്കണമേ" എന്ന ഗാനം ഗായകസംഘം ആലപിച്ചു.

കാഴ്ചവയ്പ് പ്രദക്ഷിണത്തിൽ ബിഷപ് ഡോ. അംബ്രോസിന്റെ കുടുംബാംഗങ്ങളും രൂപതയിലെ വിവിധ സംഘടനാ പ്രതിനിധികളും പങ്കുചേർന്നു. "കാൽവരിക്കുന്നിൻ നിഴലിൽ കത്തും ദീപ സന്നിധിയിൽ" എന്നു തുടങ്ങുന്ന ഫാ. മൈക്കിൾ പനച്ചിക്കൽ എഴുതി ജെറി അമൽദേവ് ചിട്ടപ്പെടുത്തിയ ഗാനം അപ്പോൾ ആലപിച്ചു. നൈവേദ്യ പ്രാർഥനയ്ക്കുശേഷം പുതിയ ബിഷപ്പിന്റെ മുഖ്യകാർമികത്വത്തിൽ ദിവ്യബലി തുടർന്നു. ദിവ്യകാരുണ്യസ്വീകരണ സമയത്ത് കോട്ടപ്പുറത്തിന്റെ പുത്രൻ യശഃശരീരനായ ഫാ. ജേക്കബ് കല്ലറക്കൽ രചിച്ച് ഈണം പകർന്ന "വാവ യേശുനാഥ, വാവ സ്നേഹനാഥ" എന്ന ഗാനവും "ദിവ്യസക്രാരിയിൽ കൂദാശയിൽ" എന്നാരംഭിക്കുന്ന ഫാ. ജോസഫ് മനക്കിൽ രചിച്ച് ഫ്രാൻസിസ് മനക്കിൽ ഈണം നൽകിയ ഗാനവും ആലപിച്ചു. ഭയഭക്തിപൂർവം പട്ടുകുടകളുടെ കീഴിൽ എഴുന്നള്ളിച്ചാണ് ദിവ്യകാരുണ്യം നല്കിയത്.

ദിവ്യഭോജന പ്രാർഥനയ്ക്കു ശേഷം "ദൈവമേ ഞങ്ങളങ്ങേ വാഴ്ത്തുന്നു അങ്ങേക്കായെന്നും സ്തോത്രങ്ങൾ" എന്ന കൃതജ്ഞതാ സ്തോത്രഗീതം ആലപിക്കുമ്പോൾ, ബിഷപ് അംബ്രോസ് ജനമധ്യത്തിലൂടെ നടന്ന് അവരെ ആശീർവദിച്ചു. തുടർന്ന് അദ്ദേഹം സമാപനാശീർവാദം നൽകി.

തിരുകർമ്മങ്ങൾക്ക് ശേഷം സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ അനുഗ്രഹപ്രഭാഷണം നടത്തി. ഇന്ത്യ





"ജോസഫ് നിദ്രയിൽനിന്ന് ഉണർന്ന്, കർത്താവിന്റെ ദൂതൻ കൽപിച്ചതുപോലെ പ്രവർത്തിച്ചു; " മത്തായി 1 : 24

യുടെ വത്തിക്കാൻ സ്ഥാനപതി ആർച്ച് ബിഷപ്പ് ഡോ. ലിയോപോൾദോ ജിറേലി ബിഷപ്പ് അംബ്രോസിന് ആശംസകൾ അറിയിക്കുകയും വിശ്വാസ സമൂഹത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും ചെയ്തു. ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ നന്ദി പ്രകാശിപ്പിച്ചു.


സാന്ത്വനശുശ്രൂഷയുടെ പ്രതിജ്ഞാബദ്ധത വ്യക്തമാക്കുന്ന ***"എന്റെ ജനത്തെ സ്നേഹിക്കുവാനും അവർക്കു സാന്ത്വനമേകാനും"*** എന്ന ഏശയ്യാ പ്രവാചകന്റെ വചനം (ഏശയ്യ 40:1) തന്റെ ആപ്തവാക്യവും സ്ഥാനികചിഹ്നവുമായി തിരഞ്ഞെടുത്ത ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ തന്റെ ആശ്വസിപ്പിക്കാനുള്ള ദൗത്യം ആവർത്തിച്ചു വ്യക്തമാക്കി. സീറോമലബാർ മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ, വത്തിക്കാൻ പ്രതിനിധി ആർച്ച്ബിഷപ്പ് ഡോ. ലിയോപോൾദോ ജിറെല്ലി, ആർച്ച്ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ, ആർച്ച് ബിഷപ്പ് എമിരിറ്റസ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ, ബിഷപ്പ് എമിരിറ്റസ് ഡോ. ജോസഫ് കാരിക്കശ്ശേരി, ബിഷപ്പ് ഡോ. അലക്സ് വടക്കുംതല, ആർച്ച്ബിഷപ്പ് ഡോ. തോമസ് ജെ. നെറ്റോ, ആർച്ച്ബിഷപ്പ് എമിരിറ്റസ് ഡോ. സൂസപാക്യം, ബിഷപ്പ് ഡോ. ക്രിസ്തുദാസ് രാജപ്പൻ, ബിഷപ്പ് ഡോ.വർഗീസ് ചക്കാലക്കൽ, ബിഷപ്പ് ഡോ. ജോസഫ് കരിയിൽ, ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ തെക്കെത്തെച്ചേരിൽ, ബിഷപ്പ് ഡോ. ജെയിംസ് ആനാപറമ്പിൽ, ബിഷപ്പ് ഡോ. വിൻസന്റ് സാമുവൽ, ബിഷപ്പ് ഡോ. പീറ്റർ അബീർ അന്തോണിസാമി, ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ, ബിഷപ്പ് ഡോ. പോൾ ആന്റണി മുല്ലശ്ശേരി, ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, ആർച്ച്ബിഷപ്പ് മാർ മാത്യു മൂലക്കാട്ട്, ബിഷപ്പ് മാർ ജോസ് പുത്തൻവീട്ടിൽ, ബിഷപ്പ് മാർ ജോൺ നെല്ലിക്കുന്നേൽ, ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ, ബിഷപ്പ് മാർ ടോണി നീലങ്കാവിൽ, ബിഷപ്പ് മാർ തോമസ് തറയിൽ, ബിഷപ്പ് മാർ എഫ്രേം നരിക്കുളം, ബിഷപ്പ് ഡോ. തോമസ് വാഴപ്പിള്ളി, ബിഷപ്പ് മാർ ബോസ്കോ പുത്തൂർ, ബിഷപ്പ് യൂഹന്നാൻ മാർ തെയോഡേഷ്യസ്, ബിഷപ്പ് മാർ ബോസ്കോ പുത്തൂർ, വിജയപുരം സഹായ മെത്രാൻ മോൺ ഡോ. ജസ്റ്റിൻ മഠത്തിപറമ്പിൽ എന്നീ വൈദീക മേലദ്ധ്യക്ഷന്മാർ, 300 വൈദീകർ 400 സന്യസ്തർ, മത-രാഷ്ട്രീയ-സാംസ്കാരിക പ്രമുഖർ, ജനപ്രതിനിധികൾ, പതിനായിരത്തിൽപരം വിശ്വാസികൾ എന്നിവരുടെ നിറഞ്ഞ സാന്നിധ്യത്തിലാണ് മെത്രാഭിഷേക ചടങ്ങുകൾ നടന്നത്.


മെത്രാഭിഷേക ചടങ്ങുകൾക്കു ശേഷം നടന്ന പൊതുസമ്മേളനം വ്യവസായ മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു. കോട്ടപ്പുറം രൂപത സാമൂഹ്യ പ്രവർത്തനങ്ങളിലൂടെ ശ്രദ്ധേയമായ രൂപതയാണെന്ന് മന്ത്രി പി. രാജീവ് പറഞ്ഞു. സാധാരണക്കാർക്ക് വരുമാനം ഉറപ്പുവരുത്താൻ രൂപത സാമൂഹ്യ പ്രവർത്തന വിഭാഗമായ കിഡ്സ് നടത്തുന്ന പ്രവർത്തനങ്ങളെ അദ്ദേഹം ശ്ലാഘിച്ചു. വിനയം നിറഞ്ഞ പ്രവർത്തനരീതിയാണ് ബിഷപ്പ് ഡോ. അംബ്രോസിന്റേത്. സമൂഹത്തെയാകെ സഭയെപ്പോലെ ത്തന്നെ ഒന്നിച്ചു കാണാൻ കഴിയുന്ന വ്യക്തിയാണ് അദ്ദേഹം. കോട്ടപ്പുറം രൂപതയെ വികസനത്തിലേക്ക് നയിക്കാൻ ബിഷപ്പ് ഡോ. അംബ്രോസിന് സാധിക്കട്ടെ എന്ന് മന്ത്രി ആശംസിച്ചു.


കോട്ടപ്പുറം രൂപത അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ബിഷപ്പ് ഡോ. അലക്സ് വടക്കുംതല അധ്യക്ഷത വഹിച്ചു. മാർ ബോസ്കോ പുത്തൂർ മുഖ്യപ്രഭാഷണം നടത്തി. പ്രതിപക്ഷ നേതാവ് അഡ്വ. വി.ഡി. സതീശൻ മുഖ്യാതിഥിയായിരുന്നു. മുഖത്ത് ദൈവീക ചൈതന്യമുള്ള വ്യക്തിയാണ് ബിഷപ്പ് ഡോ. അംബ്രോസെന്ന് അദ്ദേഹം പറഞ്ഞു. തനിക്കു പരിചിതനായ സൗമ്യഭാവുള്ള വ്യക്തിയാണ് അദ്ദേഹം. അദ്ദേഹത്തിന്റെ വലതു ഭാഗത്ത് യോദ്ധാവിനെപ്പോലെ ക്രിസ്തുവുണ്ടാകും. സാമൂഹ്യ പ്രവർത്തനങ്ങളിലൂടെ ഉയരങ്ങളിലെത്തിയ രൂപതയാണ്

കോട്ടപ്പുറം. സ്വന്തം തറവാട്ടിൽ വരുന്ന അനുഭവമാണ് കോട്ടപ്പുറം രൂപത ആസ്ഥാന മന്ദിരത്തിലേക്ക് വരുമ്പോടെല്ലാം ഉണ്ടായിട്ടുള്ളതെന്നും വി.ഡി. സതീശൻ പറഞ്ഞു. എംപിമാരായ ബെന്നി ബഹനാൻ, ഹൈബി ഈഡൻ, കെആർഎൽസിസി വൈസ് പ്രസിഡന്റും സമുദായ വക്താവുമായ ജോസഫ് ജൂഡ്, വൈദീക പ്രതിനിധി ഫാ. ജോഷി കല്ലറക്കൽ, സന്ന്യസ്ത പ്രതിനിധി സിസ്റ്റർ ജിജി പുല്ലയിൽ, ജോയിന്റ് ജനറൽ കൺവീനർ പി.ജെ. തോമസ്, കെസിസി സെക്രട്ടറി ജെസി ജെയിംസ്, ജനറൽ കൺവീനർ മോൺ. ഡോ. ആന്റണി കുരിശിങ്കൽ, പ്രോഗ്രാം കമ്മിറ്റി ചെയർമാൻ ഫാ. നിമേഷ് അഗസ്റ്റിൻ കാട്ടാശ്ശേരി എന്നിവർ പ്രസംഗിച്ചു. ബിഷപ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ മറുപടി പ്രസംഗം നടത്തി. നിങ്ങൾ എന്തു കൊണ്ട് എന്നെ ഇത്രയധികം സ്നേഹിക്കുന്നു എന്നു ചോദിച്ചു കൊണ്ടാണ് ബിഷപ്പ് ഡോ. അംബ്രോസ് പ്രസംഗം ആരംഭിച്ചത്. നമ്മൾ ജീവിത വിശുദ്ധിയിലേക്കുള്ള യാത്രയിലാണ്. ഈ യാത്രയിൽ പരസ്പരം താങ്ങായി തണലായി തീരാൻ ശ്രമിക്കാം. എല്ലാവരുടെയും പ്രാർത്ഥനകൾക്കും സ്നേഹത്തിനും ബിഷപ്പ് നന്ദി പ്രകാശിപ്പിച്ചു.

അഡ്വ. വി.ആർ സുനിൽകുമാർ എംഎൽഎ, കൊടുങ്ങല്ലൂർ മുൻസിപ്പൽ ചെയർപേഴ്സൺ ടി.കെ. ഗീത, കൗൺസിലർമാരായ എൽസി പോൾ, വി.എം. ജോണി, ഫ്രാൻസിസ് ബേക്കൺ, കെഎൽസിഎ രൂപത പ്രസിഡന്റ് അനിൽ കുന്നത്തൂർ, സിഎസ്എസ് പ്രസിഡന്റ് ജിസ്മോൻ ഫ്രാൻസിസ്, കെസിവൈഎം പ്രസിഡന്റ് പോൾ ജോസ്, കെഎൽസിഡബ്ല്യുഎ പ്രസിഡന്റ് റാണി പ്രദീപ്, സിഎൽസി പ്രസിഡന്റ് സജു തോമസ് എന്നിവർ സംബന്ധിച്ചു. തുടർന്ന് കലാപരിപാടികളും അരങ്ങേറി.





# മൊഴി-മിഴി-വഴി



**ഫാ. സിജോ വേലിക്കകത്തോട്ട്**
ഡയറക്ടർ, മതബോധനം

**ജീ**വിതത്തിന്റെ വഴിത്താരകളിൽ നീ എപ്പോഴെങ്കിലും ഒറ്റയ്ക്കായിപ്പോയിട്ടുണ്ടോ? ആൾക്കൂട്ടത്തിനു നടുവിലും ഒറ്റപ്പെട്ടു പോകുന്ന നൊമ്പരം നീ അറിഞ്ഞിട്ടുണ്ടോ? നെഞ്ചോട് ചേർത്തു നിർത്തിയവർ, ചങ്കാണ്, ചങ്കിടിപ്പാണ് എന്നൊക്കെ നീ കരുതിയവർ നിന്നെ തനിച്ചാക്കി കടന്നുപോയ സങ്കടക്കടലിന്റെ ആഴം നീ അറിഞ്ഞിട്ടുണ്ടോ? ഒരിക്കലെങ്കിലും ഈ അനുഭവങ്ങളിൽ ഒന്നിലൂടെയെങ്കിലും കടന്നുപോകാത്തവരായി ആരും ഉണ്ടാകില്ല.

കത്തോലിക്കാ വിശ്വാസത്തിന്റെ അടിസ്ഥാനമായ രക്ഷാകര രഹസ്യങ്ങളുടെ തീവ്രത പ്രകടമാകുന്ന വിശുദ്ധവാര ദിനങ്ങൾ ആഗതമാകുമ്പോൾ വീണ്ടും ഈ വിചാരങ്ങൾ നമ്മിലേക്ക് ഒഴുകിയെത്തുകയാണ്. ക്രിസ്തു തന്റെ ചങ്കിലെ ചോര നൽകി കൂടെ നിർത്തിയവർ അവനു നൽകിയത് വലിയ തിരസ്കരണത്തിന്റെ മുറിപ്പാടാണെന്ന് നാം ഓർമ്മിക്കുന്ന ദിനങ്ങൾ... തനിക്ക് ഇഷ്ടമുള്ളവരെയാണ് അവൻ തിരഞ്ഞെടുത്തത്. തന്നോട് കൂടെ ആയിരിക്കാൻ, തനിക്കുവേണ്ടി അയയ്ക്കപ്പെടാൻ. മൂന്നു വർഷത്തെ പരിശീലനം അവൻ അവർക്കു നൽകി. വചനം അപ്പമാകുന്നതും, സൗഖ്യമാകുന്നതും, പൈശാചിക തിന്മകൾ അലറിവിളിച്ച് ഓടിയകലുന്നതും, വീശിയടിക്കുന്ന കാറ്റും, ഉയർന്നു പൊങ്ങുന്ന തിരമാലകളും ശാന്തമാകുന്നതും, തൊട്ടടുത്തുനിന്ന് അനുഭവിച്ചറിഞ്ഞവരാണവർ. അവരിൽ പ്രമുഖനാണ് 'കേപ്പ' എന്ന പത്രോസ്.

ചെറു ഓളങ്ങളിൽ പോലും ആടിയുലയുന്ന കൊതുമ്പുവള്ളം പോലെയായിരുന്നു പത്രോസ് എന്ന മുക്കുവൻ. സഹോദരനായ അന്ത്രെയോസ് ഒറ്റരാത്രികൊണ്ട് അനുഭവിച്ചറിഞ്ഞ ക്രിസ്തുവിന്റെ അരികിലേക്ക് അവനെ കൂട്ടിക്കൊണ്ടു ചെല്ലുമ്പോൾ ക്രിസ്തു അവനെ ഒരു പാറയാക്കി മാറ്റുകയാണ്; ഇനി ചെറു ഓളങ്ങൾക്കെന്നല്ല, കൊടുങ്കാറ്റിനും വൻ തിരമാലകൾക്കും അവനെ ഇളക്കാനാകില്ല എന്ന മൊഴികളോടെ...എങ്കിലും ക്രിസ്തുവിനറിയാം പത്രോസ് എന്ന മുക്കുവന്റെ ബലഹീനതകൾ. ''ആരൊക്കെ നിന്നിൽ നിന്ന് അകന്നുപോയാലും ഞാനുണ്ടാകും നിന്റെ കൂടെ'' എന്ന് ഉറപ്പു നൽകുമ്പോൾ ക്രിസ്തു അവനെ ഓർമ്മപ്പെടുത്തുന്നുണ്ട്, "നീ എന്നെ മൂന്നുവട്ടം തള്ളിപ്പറയും" എന്ന മൊഴികളോടെ.


തന്റെ പ്രതീക്ഷകളും സ്വപ്നങ്ങളും കാറ്റിൽ പറത്തി ഗുരുവിനെ കുരിശിന്റെ വഴിത്താരയിലൂടെ അവർ വലിച്ചിഴയ്ക്കുമ്പോൾ അപ്പോസ്തല പ്രമുഖന്റെ ധൈര്യം ചോർന്നുപോയി എന്നത് യാഥാർത്ഥ്യം. എങ്കിലും പീലാത്തോസിന്റെ അരമനയുടെ കവാടം വരെ ഇടറുന്ന ചുവടുകളോടെ അയാൾ നടന്നടുക്കുന്നുണ്ട്. ആത്മാവിന്റെ അഭിഷേകം ലഭിക്കാഞ്ഞതുകൊണ്ടാകണം ഒന്നുകൂടെ ബലഹീനനാകുന്നുണ്ടയാൾ. യഹൂദർ ഒട്ടും വിലകൽപ്പിക്കാതിരുന്ന സ്ത്രീകളിൽ ഒരുവളുടെ ചോദ്യത്തിനു മുൻപിൽ അയാൾ പതറിപ്പോകുന്നു. ഒന്നല്ല, മൂന്നുവട്ടം. കടലിൽ മുങ്ങിത്താഴുന്ന നേരം ജീവനിലേക്ക് കൈപിടിച്ചുയർത്തിയവൻ, മൂന്നുവർഷത്തെ ശുശ്രൂഷാ ജീവിതിനിടയിൽ സുപ്രധാന സംഭവങ്ങൾക്ക് സാക്ഷിയാകുവാൻ അരികിൽ ചേർത്തു നിർത്തിയ

"അവളുടെ ഭർത്താവായ ജോസഫ് നീതിമാനാകയാലും അവളെ അപമാനിതയാക്കാൻ ഇഷ്ടപ്പെടായ്കയാലും അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു."
മത്തായി 1 : 19

വൻ, “നീ സജീവനായ ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണെന്ന്” ആത്മാവിൽ നിറഞ്ഞ് ഉദ്ഘോഷിക്കുമ്പോൾ “നീ പാറയാണെന്ന്” സർട്ടിഫിക്കറ്റ് നൽകിയവൻ, ആ ഗുരുവിന്റെ ചങ്കിൽ ആഴമേറിയ മുറിവു നൽകിക്കൊണ്ടാണ് അയാളുടെ മൊഴിയുടെ ശബ്ദമുയരുന്നത് “ഞാൻ അവനെ അറിയുന്നില്ല.” ചാട്ടവാറടിയേറ്റ് കീറിമുറിയപ്പെട്ട ശരീരത്തോടെ, ശിരസ്സിൽ ആഴ്ന്നിറങ്ങിയ മുൾക്കിരീടത്തോടെ, പാതിയടഞ്ഞ കണ്ണുകളോടെ അവന്റെ മൊഴികൾക്കു നേരെ ക്രിസ്തു മിഴി ഉയർത്തുന്നു. ആ മിഴികളെ നേരിടാനാകാതെ പത്രോസ് പുറത്തേക്കോടി വിതുമ്പിക്കരയുന്നു. ആ കണ്ണുനീരിൽ അയാൾ ശുദ്ധനാക്കപ്പെടുകയാണ്. അപ്പോൾ അയാൾ തിരിച്ചറിയുന്നുണ്ട് തന്റെ വഴി ഏതെന്ന്. പിന്നീട് ആത്മാവിന്റെ കൃപ ലഭിച്ചവന്റെ മൊഴിയും മിഴിയും വഴിയും ക്രിസ്തുവിന്റേതു തന്നെയാണ്. ക്രിസ്തുവിന്റെ മൊഴികളാണ് അയാൾ സംസാരിച്ചത്, ക്രിസ്തുവിന്റെ മിഴികളോടെയാണ് അയാൾ സഭയെ നയിച്ചത്, ക്രിസ്തുവിന്റെ വഴിയിലൂടെയാണ് അയാൾ സഞ്ചരിച്ചത്. ഈ നോമ്പുകാലവും തുടർന്നുള്ള വിശുദ്ധവാരവും നിന്നെയും ക്രിസ്തുവിന്റെ മൊഴിയും മിഴിയും വഴിയും സ്വന്തമാക്കാൻ സഹായിക്കട്ടെ...

# ക്രൂശിതൻ

**സിജി അയിൽ**



**ആ**രാധനയായിരുന്നു,
എനിക്കുവേണ്ടി സ്വയം
ബലിയായിത്തീർന്ന നിന്നോട്...

സ്നേഹമായിരുന്നു,
നിന്റെ ചൂടും നോവുമറിഞ്ഞ
നിന്റെ കുരിശിനോട്...

പ്രണയമായിരുന്നു,
ദാരുണമായ പീഢകൾക്കു മുന്നിൽ
പതറാതെനിന്ന നിന്റെ
കട്ട ഹീറോയിസത്തോട്...

അസൂയയായിരുന്നു,
നിന്റെ സ്നേഹം ആവോളം ആസ്വദിച്ച്
എന്നും നിന്നെ പിൻതുടർന്ന
നിന്റെ മഗ്ദലേനയോട്...

ചോദ്യം മാത്രമായിരുന്നു,
നിശ്ശബ്ദയായി നീറിയ പരിശുദ്ധ അമ്മയോട്...

ഒരേ ഒരു ചോദ്യം
ഈ സഹനങ്ങളെല്ലാം എങ്ങനെ സാധിക്കുന്നു
എന്ന ഒറ്റച്ചോദ്യം

ശിമയോനെ,
നിന്നോടുമുണ്ടെനിക്ക് ചോദിക്കാൻ;
താങ്ങാവുന്നതിനപ്പുറമാണ്

കഠിനമായ കുരിശാണ്
എന്നറിഞ്ഞിട്ടും കുരിശിനെ പുണരാൻ
നീ കാണിച്ച വ്യഗ്രതയോട്...

നല്ലൊരു സൗഹൃദത്തിന്റെ
ആദ്യ പാഠമായിരുന്നു എനിക്കു നീ
ഏതു വേദനയും പങ്കിടുവാൻ
കൂടെ ഞാനുണ്ടെന്നോതുന്ന വലിയ പാഠം

നസ്രായാ നിന്നെ ഞാൻ സ്നേഹിക്കുന്നു
നിന്റെ കുരിശോളം
ചേർത്തു പിടിക്കണേ...
എത്രമേൽ നീ കുരിശിനെ ചേർത്തുപിടിച്ചോ
അത്രത്തോളമെന്നെയും...

“‘യാക്കോബ് മറിയത്തിന്റെ ഭർത്താവായ ജോസഫിന്റെ പിതാവായിരുന്നു. അവളിൽ നിന്നു ക്രിസ്തു എന്നു വിളിക്കപ്പെടുന്ന യേശു ജനിച്ചു.” മത്തായി 1 : 16



നോട്ടം

# ക്രൂശിതന്റെ വഴിയേ...

**ഫാ. മിഥുൻ ജോൺ മെന്റസ്**

***നോവുകളുടെയും നൊമ്പരങ്ങളുടെയും ഓർമ്മത്തിരുനാളാണ് ഈസ്റ്റർ. കുരിശിന്റെ വഴിയിലൂടെ ഉപവാസത്തോടെയും പ്രാർത്ഥനയോടെയും തപസ്സുകാല വിശുദ്ധിയോടെ നമ്മൾ ഈസ്റ്റർ ഒരുക്കത്തിന്റെ നാളുകളിലാണ്. പ്രതീക്ഷയറ്റ്, ഭയത്താൽ ഇരുൾ മൂടപ്പെട്ട മനസ്സുകളെ പ്രത്യാശയുടെ പുതു പുലരിയിലേക്ക് ഉയിർത്തെഴുന്നേൽപ്പിക്കുന്നു ഈസ്റ്റർ.***

ഉയിർപ്പിന്റെ പൊരുൾ എന്നത് ക്രൂശുമരത്തെ തകർത്ത്, മരണത്തെ തോൽപ്പിച്ച്, മൂന്നാം ദിനം ഉയിർത്തു എന്നതു മാത്രമല്ല, ക്രിസ്തുവിനെ നമുക്ക് നഷ്ടമായിട്ടില്ല... സ്വർഗ്ഗം നമുക്ക് സ്വന്തമാക്കി ക്രിസ്തു തന്നിരിക്കുന്നു. പുനരുദ്ധാനവും ജീവനും നമുക്ക് തിരികെ തന്നിരിക്കുന്നു.

കേട്ടറിവു പോലുമില്ലാത്ത കുറെ കാര്യങ്ങൾ ചുറ്റിലും സംഭവിച്ചുകൊണ്ടിരിക്കുന്നതറിഞ്ഞ് സംഭ്രമം പൂണ്ടുനിൽക്കുന്ന സാധുജന്മങ്ങൾ ഈസ്റ്റർ നാളുകളിലെ സ്ഥിരം കഥാപാത്രങ്ങളാണ്. ഒറ്റുകൊടുത്ത് കരസ്ഥമാക്കിയ പണം വലിച്ചെറിഞ്ഞ് ഒപ്പം ജീവിതത്തെയും വലിച്ചെറിഞ്ഞൊരാൾ... ഭയത്തിന്റെ പുതപ്പിനടിയിലും തീകായലിന്റെ സുഖം തേടിയവൻ ഒറ്റുകാരനേക്കാളും നിർദ്ദയനായി പലവട്ടം പലവട്ടം തള്ളിപ്പറയുന്നൊരാൾ... ***കടലിന്റെ മീതേ ഗുരുവിനൊപ്പം ചുവടുവയ്ക്കാൻ സാധിച്ചവന് ഒരു പക്ഷിസ്വരം കേൾക്കേണ്ടിവന്നു പലതും ഓർമ്മിപ്പിക്കാനും ചുവടുകൾ വീണ്ടും പതറിയത് അറിയാനും.*** കൂടെ നടന്നവർ, ഒപ്പമുണ്ടായിരുന്നവർ, ഒരുവേള ചിതറിയോടി... കൈ കഴുകി നീതിമാനെ വധിക്കാൻ വിധിച്ച അധികാരി, അവൻ നിലമറന്നു; അധികാരം മറന്നു.


മുൻകൂട്ടി സംവിധാനം ചെയ്ത ഒരു തിരക്കഥ എന്നപോലെ ഒറ്റ രാത്രി മാത്രം സമയമെടുത്ത് അനീതി നിറഞ്ഞ നിയമ സംവിധാനങ്ങൾ അവനു കൊലമരം വിധിച്ചപ്പോൾ ഒരു കുഞ്ഞുസ്വരത്തിന്റെ നേർത്ത മർമ്മരം പോലും അവനുവേണ്ടി സാക്ഷ്യമായുയർന്നില്ല. സർവ്വകാലത്തും, സർവ്വ ഇടങ്ങളിലും മനുഷ്യർ അങ്ങനെയാണ്, നാം ഉൾപ്പെടെ, എല്ലാ ഇടങ്ങളിലും മനുഷ്യർ അങ്ങനെയാണ്. നാം ഉൾപ്പെടെ എല്ലാ കാലങ്ങളിലും തിന്മയുടെ വ്യവസ്ഥിതികൾ വാഴുന്ന ഇടങ്ങളാണെന്ന് അറിവുണ്ടെങ്കിലും നിശബ്ദതയുടെ ആവരണങ്ങളിൽ നാം അറിയാതെ ഒളിച്ചിരുന്നു പോകുന്നു... ഭയം നമ്മെ ബാധിച്ചു എന്ന് മനസ്സിലാക്കണം... ഒന്നോർക്കണം ക്രിസ്തുവിന് ഒപ്പം കൂടിയിരുന്നവർ... അനുകമ്പയുടെ അപ്പം സ്വീകരിച്ചവർ... അത്ഭുതങ്ങൾ അനുഭവിച്ചവർ ഒന്നും ക്രിസ്തുവിന് കുരിശിന്റെ വഴികളിൽ കൂട്ടായില്ല... നമ്മളും അവന്റെ കുരിശിന്റെ വഴികളിൽ നിന്ന് മാറി നടക്കുകയാണോ? ഭയമാണോ, അവിശ്വാസമാണോ, നമ്മുടെ കാര്യം മാത്രം നോക്കി നമ്മൾ നടക്കുന്നതുകൊണ്ടാണോ ക്രിസ്തുവിന്റെ വഴികളിൽ നിന്നും നാം മാറി നടക്കുന്നത് ? അന്നും, ഇന്നും...


ഈ കാലഘട്ടത്തിന്റെ ആനുകാലിക പശ്ചാത്തലത്തിൽ ചിന്തിക്കുകയാണെങ്കിൽ, ഭാരതത്തിലെ ക്രൈസ്തവർ ഇന്ന് ക്രിസ്തുശിഷ്യർ

നേരിട്ട ഭയത്തിന്റെ, മാറിനടക്കലിന്റെ അതേ തലത്തിലാണ്. ***സങ്കുചിത മനഃസ്ഥിതിക്കാരായ ഭരണകർത്താക്കൾ അനീതി തിരുകിക്കയറ്റി മലിനമാക്കിയ നിയമസംവിധാനങ്ങളുടെ മറവിൽ ക്രിസ്തീയതയെ ഘട്ടംഘട്ടമായി നിഷ്കാസനം ചെയ്യാൻ കരുക്കൾ പണ്ടേ നീങ്ങിത്തുടങ്ങിയതാണ്... ഇന്ന് മണിപ്പൂരിലും മറ്റിടങ്ങളിലും നടക്കുന്ന ഭയാനകമായ സംഭവങ്ങൾ ആവർത്തിച്ചു കൊണ്ടേയിരിക്കുന്നു...*** ക്രിസ്തുവിനെ എന്നേക്കുമായി തുടച്ചുനീക്കാൻ ശ്രമിച്ചവരുടെ പിൻമുറക്കാർ പുതിയ അവതാരങ്ങളിൽ രൂപപ്പെട്ടു കഴിഞ്ഞെന്നു വേണം കരുതാൻ.

തിന്മയുടെ ശക്തികളെ തകർത്തെറിഞ്ഞ് ഉത്ഥാന വിജയത്തിന്റെ മകുടമണിഞ്ഞ ക്രിസ്തു ഈ വിധം ഭയം നിറഞ്ഞ് പ്രതികരണശേഷി നഷ്ടമായ എല്ലാ മനുഷ്യർക്കും വേണ്ടിയുള്ള സന്ദേശമാകുന്നു. തിന്മയുടെ അസുരശക്തികൾക്കെതിരെ നമ്മുടെ കുഞ്ഞു പ്രതികരണങ്ങൾക്ക് ഒരു ചലനവും സൃഷ്ടിക്കാൻ സാധിക്കില്ല എന്നു കരുതരുത്. നമ്മുടെ ക്രിസ്തീയ വിശ്വാസത്തിൽ ഉറച്ച്, പ്രാർത്ഥനയുടെ സുഗന്ധക്കൂട്ടൊരുക്കി, പ്രതീക്ഷയുടെ പുതിയ പുലരിയുടെ വരവിനായി കാത്തിരിക്കാം ഈ നാളുകളിൽ... ചിതറി ഓടാതെ, പതറിപ്പോകാതെ, വിശ്വാസത്തിന്റെ കെടാവിളക്കും തെളിച്ച് നാം ഒരുമിച്ചു നിന്നേ തീരൂ. ഉത്ഥിതന് അസാധ്യമായത് ഒന്നുമില്ല... മരണത്തെയും തോല്പിച്ച് ഉത്ഥാനപുലരികൾ നമുക്ക് എന്നും സ്വന്തമാകട്ടെ...

ഓരോ ഉയിർപ്പു തിരുനാളും നമ്മെ സംബന്ധിച്ചിടത്തോളം മുന്നറിയിപ്പുകളുടെയും പ്രത്യാശയുടെയും ദിശാസൂചികകളാണ്... തിരുത്തലുകൾക്ക് വിധേയമാക്കപ്പെട്ട്, പുണ്യത്തിന്റെ പാതയിലൂടെ, നന്മനിറഞ്ഞ ജീവിതത്തിലേക്ക് തിരിച്ചു വരേണ്ടതിന്റെ ആവശ്യകതയുടെ മുന്നറിയിപ്പുകൾ അവഗണിക്കാതെ... നിലപാടുകളിൽ ഉറച്ചുനിന്ന് എല്ലാ പതനങ്ങൾക്കുമപ്പുറം ഒരു ഉയിർത്തെഴുന്നേൽപ്പുണ്ട് എന്ന ദൃഢനിശ്ചയത്തോടെ ജീവിതത്തിൽ മുന്നോട്ടു പോകാനാകട്ടെ എന്നാശംസിക്കുന്നു...





# പാൽപുഞ്ചിരി

സ്നേഹപിതാവേ കനിവാർന്നെന്നും
ഭാരത ക്രൈസ്തവർതൻ പിള്ളത്തൊട്ടിലിലെ
മഹിത മനോഹര ദേശത്തെ
തൃതീയനാം ഇടയനെയെന്നും തൃക്കൺപാർത്തീടണേ

മഞ്ഞുമാതാവിൻ മടിത്തട്ടിലിലെ
മഹിത മഹോന്നത ശുശ്രൂഷയ്ക്കായ് ഉയർത്തിയ
അംബ്രോസ് പിതാവിനെയെന്നെന്നും
ആശീർവ്വദിച്ചീടണേ, ജഗദീശാ

ചന്ദനത്തിൻ ചാരുതയേകിയ
പുരാതന മുസിരിസിൻ നെറുകയിൽ
സുഗന്ധ പരിമളം ചാർത്തി ദൈവം
നിത്യപരമോന്നതിയിൽ എത്തിച്ചീടട്ടെ



മുഖ്യദൂതനാം മിഖായേലിൻ കൃപയാലെ
സുവർണ ചിറകാൽ പൊതിഞ്ഞ്
മധുര മനോഹര വചനങ്ങളാൽ
പ്രശോഭിതമാക്കിടട്ടെ തൻ പ്രവർത്തികൾ

കരുണാമയനാം മിശിഹാ തന്നുടെ
ശിഷ്യർതൻ കാൽപാടുകൾ പതിഞ്ഞ
പുണ്യപുരാതന ഭൂമിയിലെന്നും
പൈതൃക ശ്രേഷ്ഠരാൽ പരിമളം ചാർത്തട്ടെ

പാൽപുഞ്ചിരി തൂകിടും വചനങ്ങളാൽ
അംബ്രോസ് പുത്തൻവീട്ടിൽ പിതാവിനെ
സ്വർഗ്ഗീയ കൈവയ്പ്പോടെ കർത്തൻ
ശ്രേഷ്ഠമഹോന്നതിയിൽ എത്തിച്ചിടട്ടെ

**പ്രാർത്ഥനാശംസകളോടെ...**
**അഗസ്റ്റിൻ പനച്ചിക്കലും കുടുംബവും**
**കോട്ടപ്പുറം**

ഏശയ്യ 49 : 8-13

# നേതൃത്വത്തെ തിരഞ്ഞെടുക്കുന്നതിൽ കൂട്ടായ്മയുടെ പങ്കും പങ്കാളിത്തവും



റവ. ഫാ. വിപിൻ മുതലാംപറമ്പിൽ

*"അവിടുന്നു സാമുവലിനോടു പറഞ്ഞു, ജനം പറയുന്നതു കേൾക്കുക. അവർ നിന്നെയല്ല, തങ്ങളുടെ രാജാവായ എന്നെയാണ് തിരസ്കരിച്ചിരിക്കുന്നത്."*
(1 സാമുവൽ 8:7)

തിരസ്കരണത്തിന്റെ സമൂഹത്തിലാണ് നമ്മൾ, തിരസ്കരണം മുഖമുദ്രയായിക്കൊണ്ടിരിക്കുന്ന ഈ കാലത്തിൽ നമ്മളും അറിഞ്ഞുകൊണ്ട് മറ്റുള്ളവരെ തിരസ്കരിക്കുന്നുണ്ടോ? നമ്മൾ ഓരോരുത്തരും തിരസ്കരിക്കപ്പെടുന്നുണ്ടോ? ഈ ചോദ്യങ്ങൾ നമ്മുടെ ഹൃദയങ്ങളെ അസ്വസ്ഥപ്പെടുത്തണം.

പരസ്പര ഐക്യത്തിന്റെ ദൗർലഭ്യതയിലേക്ക് നമ്മുടെ സമൂഹവും കുടുംബവും ഇടവകയും എല്ലാം കൂപ്പുകുത്തുകയാണ്. അധികാരത്തിനു വേണ്ടിയും വ്യക്തിതാല്പര്യങ്ങൾക്കു വേണ്ടിയും ബന്ധങ്ങൾ മറന്ന്, രക്തബന്ധങ്ങൾ പോലും മറന്ന് ജീവിക്കുന്ന സമൂഹജീവിയായി ഞാൻ മാറുന്നു. മനുഷ്യരെ പലവിധത്തിലും സ്വാധീനിക്കുന്നവർ നിരവധിയാണ്. ജീവിതത്തിൽ അതിൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തുന്ന മേഖലയാണ് പൊതുരാഷ്ട്രീയം. തിരസ്കരിക്കുവാനും തിരസ്കരിക്കപ്പെടുവാനുമുള്ള ഒരുപാട് സാധ്യതകൾ തെളിഞ്ഞുവരുന്ന ഒരിടമാണ് രാഷ്ട്രീയം. ഈ മേഖലയിലാണ് നമ്മൾ ജീവിത ഐക്യത്തിൽ മുന്നേറേണ്ടത്. രാജ്യം വീണ്ടുമൊരു തിരഞ്ഞെടുപ്പിനൊരുങ്ങുമ്പോൾ വിശാലവും വിസ്തൃതവുമായ മനോഭാവത്തോടെ ഒന്നായി ചിന്തിച്ച് നാടിന്റെ നന്മയ്ക്കും രാജ്യത്തിന്റെ അഖണ്ഡതയ്ക്കും ഭരണഘടനയുടെ നിലനിൽപ്പിനായി ചിന്തിക്കാം, പ്രവർത്തിക്കാം.

**"നാനാത്വത്തിൽ ഏകത്വം" എന്ന വാക്യമാണ് ഇന്ത്യാക്കാരായ നമ്മളെ ഇപ്പോഴും സമാധാനത്തിലും സ്നേഹത്തിലും ഐക്യത്തിലും ഊട്ടിയുറപ്പിക്കുന്നത്.** എന്നാലും രാഷ്ട്രീയത്തിന്റെ നിഗൂഢമായ തീരുമാനങ്ങൾ ജനഹൃദയങ്ങളെ വേദനിപ്പിക്കുന്നുണ്ട്. ഐക്യവും സമാധാനവും ഭരണഘടനയിൽ മാത്രം ഒതുങ്ങിപ്പോകുന്ന അവസ്ഥയിൽ നിന്നും തിരസ്കരണത്തിന്റെയും ഐക്യമില്ലായ്മയുടെയും അവസ്ഥകൾ അതിജീവിക്കവാൻ നമുക്ക് ഒത്തൊരുമിച്ച് പരിശ്രമിക്കാം.

2006 ൽ നടന്ന ഒരു സംഭവത്തിന്റെ പുനരാവിഷ്കരണം എന്ന നിലയിൽ ഈയിടയ്ക്ക് നിർമ്മിച്ച മലയാള ചലച്ചിത്രം (മഞ്ഞുമ്മൽ ബോയ്സ്) ഐക്യത്തിന്റെയും സ്നേഹത്തിന്റെയും വെളിച്ചം ജനത്തിനു നൽകുന്നുണ്ട്. വിനോദയാത്രയ്ക്കിടെ അതിദാരുണമായി ഒരാൾ ഗുഹയിൽ വീഴുന്നു. മരണം സുനി



"ആകാശത്തിനു കീഴിൽ എല്ലായിടത്തും ദൈവം നിന്റെ തേജസ്സു വെളിപ്പെടുത്തും."
ബാറൂക്ക് 5 : 3

ശ്ചിതമാണ് എന്നു കരുതുന്ന ആ സമയത്ത് സ്വന്തം കൂട്ടുകാരനെ ഉപേക്ഷിച്ചു പോകാതെ ആ ഗുഹയ്ക്ക് കാവലായി നിൽക്കുന്ന കൂട്ടുകാർ. ഒരിക്കലും തിരിച്ചു കിട്ടില്ലെന്ന് കരുതിയ ആ ഗുഹയിൽ നിന്നും സ്വന്തം കൂട്ടുകാരനെ ജീവനോടെ രക്ഷിക്കുന്ന സ്നേഹവും ഐക്യവും ഈ ചലച്ചിത്രത്തിൽ നാം കാണുന്നു. രാഷ്ട്രീയ നേതാക്കളും ഇത്തരത്തിൽ മറ്റുള്ളവർക്ക് മൂല്യമുള്ളവരായി ജീവിക്കുവാനും വ്യക്തിതാല്പര്യങ്ങളോ അധികാര മോഹങ്ങളോ ഇല്ലാത്ത ജനങ്ങളെ സേവിക്കുവാൻ ജീവിതത്തെ ക്രമപ്പെടുത്തേണ്ടതാണ്.

മർക്കോസ് സുവിശേഷകൻ പറയുന്നുണ്ട്, ***"എവിടെയെങ്കിലും ജനങ്ങൾ നിങ്ങളെ സ്വീകരിക്കാതിരിക്കുകയോ നിങ്ങളുടെ വാക്കുകൾ ശ്രവിക്കാതിരിക്കുകയോ ചെയ്താൽ അവിടെ നിന്നു പുറപ്പെടുമ്പോൾ അവർക്ക് സാക്ഷ്യത്തിനായി നിങ്ങളുടെ കാലിലെ പൊടി തട്ടിക്കളയുവിൻ."*** ജീവിതത്തിൽ തിരസ്കരണം സ്വാഭാവികമാണ്. പക്ഷേ, നമ്മളെ അന്യായമായി തിരസ്കരിക്കുമ്പോൾ നാം ഒരിക്കലും തളർന്നു പോകരുത്. ഈ ദൈവ വചനം നമ്മളെ ഉദ്ബോധിപ്പിക്കുന്നത് മനസ്സിലാക്കുക. "കാലിലെ പൊടി തട്ടിക്കളയുവിൻ," തിരസ്കരണത്താൽ നമുക്കേറ്റ വേദനകളും ദുഃഖങ്ങളും നമ്മുടെ ശരീരത്തിലെ കറകളും പൊടികളും തട്ടിക്കളഞ്ഞ് വീണ്ടും നമ്മുടെ അവകാശത്തിനു വേണ്ടി ഉയിർത്തെഴുന്നേൽക്കുക. ഇതാണ് നമ്മുടെ വളർച്ച... ഇതാണ് നമ്മുടെ സമുദായത്തിന്റെ വളർച്ച...

**ചർച്ച :**

*രാജ്യം വീണ്ടുമൊരു തിരഞ്ഞെടുപ്പിനൊരുങ്ങുമ്പോൾ സമുദായ നേതൃത്വത്തിന്റെ പ്രസക്തി എന്ത്? ഈ തിരഞ്ഞെടുപ്പിനെ മുൻനിറുത്തി സമുദായത്തിലെ പ്രാദേശിക നേതൃത്വത്തെ ശക്തിപ്പെടുത്താൻ എന്തൊക്കെ ചെയ്യാൻ സാധിക്കും ?*

**പ്രാവർത്തികമാക്കാൻ :**

1. **വോട്ടേഴ്സ് ലിസ്റ്റ് പരിശോധിച്ച് കൂട്ടായ്മയിലെ 18 വയസ്സിനു മുകളിൽ വോട്ടവകാശമുള്ളവർക്കെല്ലാം അർഹതയുണ്ടെന്ന് ഉറപ്പുവരുത്തുക.**
2. **വോട്ട്, പൗരധർമ്മം എന്നു മനസ്സിലാക്കി എല്ലാവരോടും വോട്ടുചെയ്യുമെന്നു തീരുമാനിക്കുകയും അതു നടപ്പിൽ വരുത്തുമെന്നു പരിശോധിക്കുകയും ചെയ്യുക.**




"നീതിയുടെ സമാധാനവും ഭക്തിയുടെ മഹത്വവും എന്ന് ദൈവം എന്നേക്കുമായി നിന്നെ പേര് വിളിക്കും."
ബാറൂക്ക് 5:4

# TRANSFER LIST - January 2024

| | |
|---|---|
| Very Rev.Msgr. Rockey Roby Kalathil | Vicar General |
| Very Rev.Fr. Shabu Kunnathoor | Chancellor |
| Rev. Dr. Antony Kurisinkal | Vicar, Our Lady of Snow Bascilica, Pallipuram |
| Rev. Fr. Benny Vazhakuttathil | Vicar, St. Antony's Church, Chettikad |
| Rev. Fr. Biju Thegapurakkal | Vicar, Lourde Matha Church, Kurisinkal |
| Rev. Fr. Christy Marathothara | Vicar, Nithyasahaya Matha Church, Manalikkad |
| Rev. Fr. Dias Valiyamarathunkal | Vicar, Sacred Heart Church, Areepalam |
| Rev. Fr. Francis Kaithathara | Vicar, St. Joseph Church, Kurumbathuruth |
| Rev. Fr. Francis Thaniyath | Vicar, St. Thomas Church, Kodungallur |
| Rev. Dr. Francisco Padamadan | Vicar, St. Sebastian's Church, Poyya |
| Rev. Fr. Franson Kurisinkal | Vicar, St. Jude Church, Kuttanellur |
| Rev. Fr. Gilbert Thachery | Vicar, Christ The King Church, Krishnankotta |
| Rev. Fr. Jaiju Elanjikkal | Vicar, Holy Family Church, Chalakudy |
| Rev. Fr. Japson Kattuparambil | Vicar, Mary Matha Church, Vettilapara |
| Rev. Fr. Johnson Panketh | Vicar, St. Francis Xavier Church, Sampaloor |
| Rev. Fr. Johnson Rocha | Vicar, Holy Family Church, Munambam |
| Rev. Fr. Jojo Payyappily | Vicar, Japamala Ranji Church, Thuruthipuram |
| Rev. Fr. Jose Maliekal | Vicar, St. Antony's Church, Pullut |
| Rev. Fr. Joseph Kunnathur | Vicar, St. Sebastian's Church, Kottuvally |
| Rev. Fr. Joseph Maliyakal | Director, Jubilee Home |
| Rev. Fr. Joshy Kallarakkal | Vicar, Mount Carmel Church, Kara |
| Rev. Fr. Joy Srampickal | Vicar, St. Francis Assisi Church, Thuruthipuram |
| Rev. Fr. Joy Thelakkat | Vicar, Holy Cross Church, Kadalvathuruth |
| Rev. Fr. LijoThanippilly | Director, VIKAS and Media |
| Rev. Fr. Nimesh Augustine Kattassery | Priest in Charge, St. Antony's Church, Kuriyappilly |
| Rev. Fr. Noel Kurisinkal | Director, Youth Ministry, Vocation and Jesus Youth & KCYM |
| Rev. Fr. Paul Manakkil | Vicar, St. Francis Xavier Church, Kunjithai |
| Rev. Fr. Roopesh Kalathil | Director, Sanjos Bhavan |
| Rev. Fr. Shaijan Kalathil | Vicar, St. Joseph Church, Mathilakam |
| Rev. Fr. Shaju Kurisinkal | Vicar, St. Paul's Church, Manancherikkunnu and Manager, Presentation College |
| Rev. Fr. Shiju Kallarakkal | Vicar, Nithyasahaya Matha Church, Chenamangalam |
| Rev. Fr. Sijo Velikkakathott | Director Catechism and President CDPI |
| Rev. Fr. Thomas Kolarikkal | Rector, St. Francis Assisi Minor Seminary, Manalikad Seminary |
| Rev. Fr. Tony Kaithathara | Priest in Charge, Sacred Heart Church, VP Thuruth (Gothuruth) |
| Rev. Fr. Win Kurisinkal | Vicar, St. Thomas Church, Azhikode & Director KLCA |



"ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം?"
ഏശയ്യാ 58 : 6

# Transfer - February 2024

| Name | Office | Office 2 |
|---|---|---|
| Very Rev. Fr. Francisco Padamadan | Vicar Forane, Thuruthipuram | |
| Very Rev. Fr. Antony Benoy Arakkal | Vicar Forane, Gothuruth | |
| Very Rev. Fr. Prince Padamattummel | Vicar Forane, Pallipuram | |
| Very Rev. Fr. Joseph Olattupuram | Vicar Forane, Kottapuram | |
| Very Rev. Fr. Joshy Muttikkal | Vicar Forane, Thrissur | |
| Rev. Fr. Ajay Puthenparambil | Asst. Vicar, St Antony's Shrine, Chettikad | |
| Rev. Fr.Jomitt Naduvilaveettil | Asst. Vicar, Our Lady of Snow Basilica, Palliport | |
| Rev. Fr. Midhin Pulikkathara | Asst. Vicar, Sacred Heart Church, Thrissur | |
| Rev. Fr.Biyon Konath | Asst. Vicar, St. Don Bosco Church, Paravur | Asst. Director, KIDS |
| Rev. Fr. Ebnezer Antony Kattiparambil | Asst. Vicar, St Thomas Church, Kodungallur | Asst. Director, KIDS, Sub-editor, DIDIMOS |
| Rev. Fr. Ajay Shaju Kaithathara | Director of Jagratha Commission | |
| Rev. Fr. Anton Joseph Elanjikkal | PRO | |
| Rev. Fr. Anze Antony Pallissery | Asst. Vicar, Warden, Asst. Manager, Manancherikkunnu | |
| Rev. Fr. Benny Chirammel S.J | Vice Rector, St. Francis Assisi Minor Seminary, Manalikad & Education Director | |
| Rev. Fr. Jinto Antony Valiyaveettil | Director, Bible Apostolate | |
| Rev. Fr. Joy Kallarakkal | Ministry Co-ordinator | |
| Rev. Fr. Nikhil Muttikkal | Asst. Vicar, St. Francis Assisi Church, Thuruthipuram | Sub-editor, DIDIMOS |
| Rev. Fr.Sibin Kallarakkal | Asso. Manager, Corporate Educational Agency | |
| Rev. Fr. Vipin Muthalamparambil | Notary | |
| Rev. Fr. Sebastian Jacobi | Episcopal Vicar for Religious | |
| Rev. Dr. Antony Kurisinkal | Judicial Vicar | |
| Rev. Fr. Joby Kattassery | Financial Administrator | |
| Rev. Fr. Jose Olattupurath | Asst. Fina. Administrator | |
| Rev. Fr. Vinu Peter Padamattummal | Secretary to Bishop | |
| Rev. Fr. Jojo Payyappilly | Chief Editor, DIDIMOS | |
| Rev. Fr. Sijo Velikkakathott | Managing Editor, DIDIMOS | |

"വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽനിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്?"


ഏശയ്യാ 58 : 7



## ഫാ. ഷാബു കുന്നത്തൂർ
## കോട്ടപ്പുറം രൂപത ചാൻസലർ

കോട്ടപ്പുറം : കോട്ടപ്പുറം രൂപത ചാൻസലറായി ഫാ. ഷാബു കുന്നത്തൂരിനെ ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ നിയമിച്ചു. പറവൂർ ഡോൺ ബോസ്കോ ആശുപത്രി അസോസിയേറ്റ് ഡയറക്ടറായും മണലിക്കാട് സെന്റ് ഫ്രാൻസിസ് അസീസി മൈനർ സെമിനാരിയിൽ ആത്മീയ പിതാവുമായി പ്രവർത്തിക്കുകയായിരുന്നു. റവ.ഡോ ബെന്നി വാഴക്കൂട്ടത്തിൽ പുതിയ ചുമതല ഏൽക്കുന്ന ഒഴിവിലാണ് നിയമം. ജനുവരി 24 ന്  ഫാ ഷാബു ചുമതലയേറ്റു.

## ഫാ. റോക്കി റോബി കളത്തിൽ
## കോട്ടപ്പുറം രൂപത വികാരി ജനറൽ



കോട്ടപ്പുറം : ഫാ. റോക്കി റോബി കളത്തിലിനെ കോട്ടപ്പുറം രൂപതയുടെ വികാരി ജനറലായി ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ നിയമിച്ചു. മുളങ്കുന്നത്തുകാവ് സാൻജോസ് ഭവൻ ഡയറക്ടർ, രൂപത P.R.O, രൂപത ആലോചന സമിതി അംഗം, തൃശൂർ തിരുഹൃദയ ലത്തീൻ പള്ളി വികാർ കോർപ്പറേറ്റർ,  കേരള ലാറ്റിൻ കാത്തലിക് ഹിസ്റ്ററി അസോസിയേഷൻ (K.L.C.H.A) ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചു വരികയായിരുന്നു. ഫെബ്രുവരി 9 ന് ചുമതലയേറ്റു. മോൺ ഡോ. ആന്റണി കുരിശിങ്കൽ പള്ളിപ്പുറം മഞ്ഞുമാത ബസിലിക്ക വികാരിയായും റെക്ടറായും ചുമതല ഏൽക്കുന്ന ഒഴിവിലാണ് നിയമനം.



## റവ.ഫാ. ആന്റൺ ജോസഫ് ഇലഞ്ഞിക്കൽ
## കോട്ടപ്പുറം രൂപത PRO

പറവൂർ: കോട്ടപ്പുറം രൂപത  PRO ആയി ഫാ. ആന്റൺ ജോസഫ് ഇലഞ്ഞിക്കലിനെ ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ നിയമിച്ചു. കോട്ടപ്പുറം രൂപത കെസിവൈഎം ഡയറക്ടർ, അൾത്താര ബാലസംഘം ഡയറക്ടർ, ഗോതുരുത്ത് സെന്റ് സെബാസ്റ്റ്യൻ പള്ളി സഹവികാരി എന്നീ നിലകളിൽ പ്രവർത്തിച്ചു വരികയായിരുന്നു. ഫാ. റോക്കി റോബി കളത്തിൽ കോട്ടപ്പുറം രൂപത വികാരി ജനറലായി നിയമിക്കപ്പെട്ടതിനെ തുടർന്നുള്ള ഒഴിവിലാണ് നിയമനം. ഇംഗ്ലീഷ് സാഹിത്യത്തിലും തത്വശാസ്ത്രത്തിലും ബിരുദാനനന്തര ബിരുദം കരസ്ഥമാക്കിയിട്ടുണ്ട്. കോട്ടപ്പുറം സെന്റ് മൈക്കിൾസ് കത്തീഡ്രൽ ഇടവക ഇലഞ്ഞിക്കൽ ജോസഫ് ബേബി ദമ്പതികളുടെ മകനാണ്. തുരുത്തൂർ സെന്റ് തോമസ്, തുരുത്തിപ്പുറം സെന്റ് ഫ്രാൻസിസ് അസീസി, മതിലകം സെന്റ് ജോസഫ്, കോട്ടുവള്ളി സെന്റ് സെബാസ്റ്റ്യൻ, കൊടുങ്ങല്ലൂർ സെന്റ് തോമസ്, പള്ളിപ്പുറം മഞ്ഞുമാത പള്ളികളിൽ സഹവികാരിയായും, കോട്ടപ്പുറം രൂപത മതബോധന വിഭാഗം അസിസ്റ്റന്റ് ഡയറക്ടർ, രൂപത മുഖപത്രമായ ദിദിമോസിന്റെ എഡിറ്റർ ഇൻ ചാർജ് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.



"അപ്പോൾ, നിന്റെ വെളിച്ചം പ്രഭാതംപോലെ പൊട്ടിവിരിയും; നീ വേഗം സുഖം പ്രാപിക്കും; നിന്റെ നീതി നിന്റെ മുൻപിലും കർത്താവിന്റെ മഹത്വം നിന്റെ പിൻപിലും നിന്നെ സംരക്ഷിക്കും.

ഏശയ്യാ 58 : 8

# കോട്ടപ്പുറം രൂപതയിലെ ഇടവക കേന്ദ്ര സമിതി ഭാരവാഹികൾക്ക് പരിശീലന കളരി നടത്തി.



കോട്ടപ്പുറം രൂപതയിലെ എല്ലാ ഇടവക കേന്ദ്ര സമിതി ഭാരവാഹികൾക്കും ആനിമേറ്റർ സിസ്റ്റേഴ്സിനും കാപ്പോ (CAPO) പരിശീലന കളരി നടത്തി. കോട്ടപ്പുറം ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ ഉദ്ഘാടനം ചെയ്തു. 'കാപ്പോ' എന്നത് 'തലവൻ' എന്നാണെന്നും തലവൻ നേതാവാണെന്നും നേതാവ് മുൻപേ നടന്ന് നയിക്കേണ്ടവനാണെന്നും ഉദ്ഘാടന സന്ദേശത്തിൽ ബിഷപ്പ് ഡോ. അംബ്രോസ് ഉദ്ബോധിപ്പിച്ചു. കോട്ടപ്പുറം രൂപത ബിസിസി ഡയറക്ടർ ഫാ. നിമേഷ് അഗസ്റ്റിൻ കാട്ടാശ്ശേരി അധ്യക്ഷത വഹിച്ചു. K.C.B.C യൂത്ത് കമ്മീഷൻ സെക്രട്ടറി ഫാ. സ്റ്റീഫൻ ചാലക്കര ക്ലാസ് നയിച്ചു. കിഡ്സ് ഡയറക്ടർ ഫാ. പോൾ തോമസ് കളത്തിലും കടപ്പുറം ഇടവക സഹവികാരി ഫാ. ആന്റണി തോമസ്, കോട്ടപ്പുറം രൂപത കേന്ദ്ര സമിതി എക്സിക്യൂട്ടീവ് അംഗം ഷെറിൻ ഷാജു, കടപ്പുറം ഇടവക കേന്ദ്ര സമിതി പ്രസിഡണ്ട് സിജി ജിൻസൺ എന്നിവർ പ്രസംഗിച്ചു. രൂപതയിലെ ഇടവകകളിൽ നിന്നുള്ള എല്ലാ കേന്ദ്ര സമിതി ഭാരവാഹികളും ഇടവക ആനിമേറ്റർ സിസ്റ്റേഴ്സും പങ്കെടുത്തു.

കെസിബിസി യുവജന വർഷം2024
കണ്ണിൽ കനവ് | കരളിൽ കനല് | കാലിൽ ചിറക്

കണ്ണിൽ കനവും, കരളിൽ കനലും, കാലിൽ ചിറകുകളുള്ള ക്രൈസ്തവ യുവത്വം എന്നതാണ് യുവജന വർഷത്തെ ആപ്തവാക്യം. പിതാവായ ദൈവത്തിന്റെ കരുണയുള്ള കണ്ണുകളും, പുത്രനായ ദൈവത്തിന്റെ തീഷ്ണഹൃദയവും, പരിശുദ്ധാത്മാവായ ദൈവത്തിന്റെ അഗ്നിചിറകുള്ള കാലുകളും ക്രൈസ്തവതയുടെ ലക്ഷണമായി മാറണമെന്ന ആഹ്വാനം പ്രതിഫലിപ്പിക്കുന്നതാണ് യുവജനവർഷ ലോഗോ. യുവജനവർഷത്തിന്റെ ആരംഭം കുറിച്ചത് 2024 ജനുവരി 7-ാം തിയതിയായിരുന്നു.



OSJ ഇന്ത്യൻ പ്രൊവിൻസ് ജനറൽ അസംബ്ലിയിൽ അഭിവന്ദ്യ അംബ്രോസ് പിതാവിനെയും കോട്ടപ്പുറം രൂപത കുരിയ അംഗങ്ങളെയും ആദരിക്കുകയും അവരുടെ ഉത്തരവാദിത്വത്തിൽ ഒഎസ്ജെ സന്യാസ സമൂഹത്തിന്റെപിന്തുണയും അറിയിച്ചു.

## കെസിവൈഎം രൂപത സമിതി സത്യപ്രതിജ്ഞ ചെയ്തു.



കോട്ടപ്പുറം : 2024–2026 പ്രവർത്തന കാലയളവിലേക്കുള്ള കെസിവൈഎം കോട്ടപ്പുറം രൂപത സമിതി ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ പിതാവിന്റെ മുൻപാകെ സത്യപ്രതിജ്ഞ ചെയ്തു അധികാരമേറ്റു. രൂപത ഡയറക്ടർ ഫാ. ആന്റൺ ജോസഫ് ഇലഞ്ഞിക്കൽ സത്യവാചകം ചൊല്ലിക്കൊടുത്തു. ജെൻസൻ ആൽബി (ചെറുവയ്പ്പ്), ജെൻസൻ ജോയ് (മാനാഞ്ചേരിക്കുന്ന്) എന്നിവരുടെ നേതൃത്വത്തിലുള്ളതാണ് പുതിയ രൂപത സമിതി. അതോടൊപ്പം അമോസ് മനോജ് (കൊടുങ്ങല്ലൂർ), ഷിഫ്ന ജീജൻ (മുനമ്പം), സോളമൻ എം. ജെ. (പൊയ്യ), അക്ഷയ് റാഫേൽ (കോവിലകത്തുംകടവ്, പള്ളിപ്പുറം), അനഘ ടൈറ്റസ് (തുരുത്തിപ്പുറം), ഹിൽന പോൾ (മടപ്ലാതുരുത്ത്), ഡാനിയേൽ റോസ് (കൊത്തോലെങ്കോ, പറവൂർ), ആൻലിയ ആൻസ്മിത്ത് (കടപ്പുറം), ആൽഡ്രിൻ ഷാജൻ (പള്ളിപ്പുറം), ജീവൻ ജോസഫ് (പൊയ്യ), പോൾ ജോസ് പടമാട്ടുമ്മൽ (മുനമ്പം), ആഷ്ന ഫ്രാൻസിസ് (കോട്ടപ്പുറം), മീഷ്മ ജോസ് (കോട്ടപ്പുറം), ലിന്റോ വർഗീസ് (കൊത്തോലെങ്കോ, പറവൂർ) എന്നിവരാണ് പുതിയ രൂപത സമിതി അംഗങ്ങൾ. കോട്ടപ്പുറം രൂപത വികാരി ജനറൽ മോൺ. റോക്കി റോബി കളത്തിൽ ആശംസ അർപ്പിച്ചു സംസാരിച്ചു. രൂപത ചാൻസലർ ഫാ. ഷാബു കുന്നത്തൂർ, സിസ്റ്റർ ഡയാന സോളമൻ എന്നിവർ സന്നിഹിതരായിരുന്നു.

## ഫാ. നോയൽ കുരിശിങ്കൽ യുവജന ശുശ്രൂഷ ഡയറക്ടറായി നിയമിതനായി



കോട്ടപ്പുറം : ഫാ. നോയൽ കുരിശിങ്കലിനെ കോട്ടപ്പുറം രൂപത യുവജന ശുശ്രൂഷ ഡയറക്ടറായി ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ നിയമിച്ചു. ഫാ. ആന്റൺ ജോസഫ് ഇലഞ്ഞിക്കൽ രൂപത P.R.O യായി നിയമിതനായ ഒഴിവിലാണ് പുതിയ നിയമനം. കുട്ടനെല്ലൂർ സെന്റ് ജൂഡ്, കുരിശിങ്കൽ ലൂർദ് മാതാ ഇടവകകളിൽ വികാരിയായും, ജീസസ് യൂത്ത് ടീൻസ് മിനിസ്ട്രിയുടെ ചാപ്ലിനായും ശുശ്രൂഷ ചെയ്തിട്ടുണ്ട്. മാനാഞ്ചേരിക്കുന്ന് സെന്റ് പോൾസ് ഇടവകാംഗമാണ്.



## പരീക്ഷ മുന്നൊരുക്ക സെമിനാർ നടത്തി.




ചെറായി: പള്ളിപ്പുറം സെന്റ് മേരീസ് ഹൈ സ്ക്കൂൾ പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായി പരീക്ഷ മുന്നൊരുക്ക സെമിനാർ നടത്തി. വിദ്യാലയത്തിൽ നിന്നും വിരമിച്ച അധ്യാപകരുടെയും അനധ്യാപകരുടെയും കൂട്ടായ്മയായ ഗുഡ് സെന്റ് മേരിയൻസിന്റെ നേതൃത്വത്തിലാണ് സെമിനാർ സംഘടിപ്പിച്ചത്. വിദ്യാർത്ഥികളുടെ പരീക്ഷാ പേടിയും ആശങ്കകളും അകറ്റി ആത്മവിശ്വാസം വളർത്തുന്നതിനാണ് ഇത്തരം ഒരു സെമിനാർ സംഘടിപ്പിച്ചത്. പ്രശസ്ത ബാലസാഹിത്യകാരനും ഗുഡ് സെന്റ് മേരിയൻസ് സംഘടന സെക്രട്ടറിയുമായ സിപ്പി പള്ളിപ്പുറം സെമിനാർ ഉദ്ഘാടനം ചെയ്തു. ഇ.എഫ് അബ്രഹാം അദ്ധ്യക്ഷത വഹിച്ചു. പ്രധാന അധ്യാപകൻ സേവ്യർ പുതുശ്ശേരി, ഫസ്റ്റ് അസിസ്റ്റൻഡ് സീന എ.ജെ, നവനീത് ടി.എസ്, മേരി സെലിൻ, അൽഫോൻസ റോക്കി, ലീല പി.കെ. എന്നിവർ സംസാരിച്ചു. അനിൽ കുരിശിങ്കൽ സെമിനാർ നയിച്ചു.

## തൃശൂർ തിരുഹൃദയ ലത്തീൻ ദൈവാലയത്തിൽ ഫാത്തിമാതാ തിരുസ്വരൂപത്തിന് സ്വീകരണവും പ്രതിഷ്ഠയും

ജർമ്മനിയിലെ പാദർബോൺ അതിരൂപതയിലെ വൈദികനായ ഫാ. ഡാനിയേൽ വലിയ ഫാത്തിമാ മാതാ ഭക്തനാണ്. ജർമ്മനി സന്ദർശിച്ച ബിഷപ്പ് ജോസഫ് കാരിക്കശ്ശേരി ഫാ. ഡാനിയേലിനോട് കോട്ടപ്പുറം രൂപതയിൽ Fatima matha Spiritual Centre എന്ന ആശയം പങ്കുവച്ചു. അതിനായി ഫാ. ഡാനിൽേ പോർച്ചുഗലിലെ ഫാത്തിമയിൽ നിന്നും മാതാവിന്റെ തിരുസ്വരൂപം കോട്ടപ്പുറം രൂപതാ വൈദികനായ ഫാ. നിക്സൻ കാട്ടാശ്ശേരി വഴി കോട്ടപ്പുറത്ത് എത്തിക്കുകയും ചെയ്തു. ഫാത്തിമാ മാതാവിന്റെ തിരുസ്വരൂപം കോട്ടപ്പുറം ബിഷപ്സ് ഹൗസ് ചാപ്പലിൽ വച്ച് ബിഷപ്പ് അംബ്രോസ് പുത്തൻവീട്ടിൽ ആശീർവദിച്ച് തൃശൂർ തിരുഹൃദയ വികാരി ഫാദർ ജോഷി മുട്ടിക്കലിന് കൈമാറി. തുടർന്ന് തൃശൂർ തിരുഹൃദയപള്ളിയിലേക്ക് സാഘോഷം ആനയിച്ചു. ഫെബ്രുവരി 25-ാം തിയ്യതി ഞായറാഴ്ച വി. അന്തോണീസിന്റെ തീർത്ഥാടന കേന്ദ്രമായ തൃശൂർ തിരുഹൃദയ ലത്തീൻ പള്ളിയിൽ പ്രതിഷ്ഠിച്ച തിരുസ്വരൂപം വണങ്ങാൻ ആയിരങ്ങളാണ് എത്തിച്ചേർന്നത്. വികാരി ജനറൽ മോൺ. റോക്കി റോബി കളത്തിൽ, ചാൻസലർ ഫാ. ഷാബു കുന്നത്തൂർ, ഫിനാൻസ് അഡ്മിനിസ്ട്രേറ്റർ ഫാ. ജോബി കാട്ടാശ്ശേരി, അസോസിയേറ്റ് ഫിനാൻസ് അഡ്മിനിസ്ട്രേറ്റർ ഫാ. ജോസ് ഒളാട്ടുപുറം എന്നിവർ സന്നിഹിതരായിരുന്നു.




"വിശക്കുന്നവർക്ക് ഉദാരമായി ഭക്ഷണം കൊടുക്കുകയും പീഡിതർക്കു സംതൃപ്തി നൽകുകയും ചെയ്താൽ നിന്റെ പ്രകാശം അന്ധകാരത്തിൽ ഉദിക്കും. നിന്റെ ഇരുണ്ടവേളകൾ മധ്യാഹ്നം പോലെയാകും."
ഏശയ്യാ 58:10

## ഡോൺ ബോസ്കോ ആശുപത്രിയിൽ ഹോസ്പിറ്റൽ ഡേയും അഭിവന്ദ്യ പിതാവിന് സ്വീകരണവും നൽകി



ഡോൺബോസ്കോ ആശുപത്രി സ്ഥാപക ദിനത്തോടനുബന്ധിച്ച് കോട്ടപ്പുറം രൂപതയുടെ പുതിയ ഇടയനും ഡോൺ ബോസ്കോ ചാരിറ്റബിൾ ട്രസ്റ്റിന്റെ ചെയർമാനുമായ അഭിവന്ദ്യ അംബ്രോസ് പുത്തൻവീട്ടിൽ പിതാവിന് ആശുപത്രി മാനേജ്മെന്റും ജീവനക്കാരും ചേർന്ന് ഊഷ്മളമായ സ്വീകരണം നൽകി. കോട്ടപ്പുറം രൂപതയുടെ വികാർ ജനറൽ പെരിയ ബഹുമാനപ്പെട്ട ഫാ. റോക്കി റോബി കളത്തിലും, ചാൻസലർ പെരിയ ബഹുമാനപ്പെട്ട ഫാ. ഷാബു കുന്നത്തൂരും ചടങ്ങിൽ പങ്കെടുത്തു.

***ഡോൺ ബോസ്കോ ആശുപത്രി 30-ാം വർഷത്തിലേക്ക്*** പ്രവേശിക്കുന്ന അവസരത്തിൽ അടുത്ത ഒരു **വർഷകാലത്തേയ്ക്ക് 13000** രൂപ മുതൽ ആരംഭിക്കുന്ന വിവിധ **പ്രസവ ശുശ്രൂഷ പാക്കേജുകൾ** ലഭ്യമാകുന്നതാണെന്നും ആശുപത്രി ഡയറക്ടർ ഫാ. ക്ലോഡിൻ ബിവേര പ്രഖ്യാപിച്ചു.

## ഡോൺ ബോസ്കോ ഹോസ്പിറ്റലിൽ ജനറൽ മെഡിസിൻ, ഫാമിലി മെഡിസിൻ വിഭാഗങ്ങളിൽ പുതിയ ഡോക്ടർമാർ ചാർജ്ജ് എടുത്തു.



**ഡോ. നിഷ നങ്ങേത്ത്** MBBS, DFM
കൺസൾട്ടന്റ് ഫാമിലി ഫിസിഷ്യൻ

**ഡോ. ധനുത്ര എം.** MBBS, DNB
കൺസൾട്ടന്റ് ഫിസിഷ്യൻ



**ബുക്കിങ്ങിനായി വിളിക്കൂ : 0484 2491000**



പഞ്ചാബിലെ ലുധിയാനായിൽ നടന്ന ദേശീയ കബ്ബഡി മത്സരത്തിൽ കേരളത്തെ പ്രതിനിധീകരിച്ചു പങ്കെടുത്ത കുഞ്ഞിത്തൈ ഇടവകയിലെ ***അലീന ഷെല്ലിക്ക്*** അഭിനന്ദനങ്ങൾ.



"കർത്താവ് നിന്നെ നിരന്തരം നയിക്കും; മരുഭൂമിയിലും നിനക്കു സമൃദ്ധി നൽകും; നിന്റെ അസ്ഥികളെ ബലപ്പെടുത്തും. നനച്ചു വളർത്തിയ പൂന്തോട്ടവും വറ്റാത്തനീരുറവയുംപോലെ ആകും നീ."
ഏശയ്യാ 58 : 11

## 'ലാ സ്തോറിയ' – മതാദ്ധ്യാപകരുടെ സഭാവിജ്ഞാന പരീക്ഷ

KRLCC യുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ('ലാ സ്തോറിയ') – സഭാവിജ്ഞാന പരീക്ഷ യുടെ ഭാഗമായി ഓരോ യൂണിറ്റിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവർക്ക് വേണ്ടിയുള്ള രൂപതാതല മത്സര പരീക്ഷ കോട്ടപ്പുറം സെന്റ് ആൻസ് ഹൈസ്കൂളിൽ വച്ച് നടത്തപ്പെട്ടു. ഓരോ യൂണി റ്റിൽ നിന്നും ഉയർന്ന മാർക്ക് നേടിയ എൺപതോളം അധ്യാപകർ പങ്കെടുത്തു. ഏറ്റവും കൂടുതൽ മാർക്ക് നേടിയ **ഷെർമി കാർമു** (സെന്റ് ഫ്രാൻസിസ് സേവ്യർ യൂണിറ്റ്, സമ്പാളൂർ), **ലിനി വിൻസന്റ്** (സെന്റ് സെബാസ്റ്റ്യൻസ് യൂണിറ്റ്, കോട്ടുവള്ളി), **ഡെറിൻ റോക്സിയോ** (ഹോളി ഫാമിലി യൂണിറ്റ്, ചാലക്കുടി) എന്നി വർ സംസ്ഥാനതല സഭാവിജ്ഞാന പരീ ക്ഷയ്ക്ക് അർഹരായി.


ഷെർമി കാർമു


ലിനി വിൻസന്റ്


ഡെറിൻ

## വെല്ലുവിളികളെ നേരിടാൻ ഭാരത സഭ പ്രാപ്തമാകണം: ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ




കോട്ടപ്പുറം : കാലത്തിന്റെ വെല്ലുവിളികളെ നേരിടുവാൻ ഭാരത സഭ തയ്യാറാകണമെന്ന് കോട്ടപ്പുറം ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ അഭിപ്രായപ്പെട്ടു. ഭാരത കത്തോലിക്ക മെത്രാൻ സമിതിയുടെ (സി.സി.ബി.ഐ) സ്ട്രാറ്റജിക്ക് പ്ലാനിങ് വർക്ക്ഷോപ്പ് കോട്ടപ്പുറം രൂപതയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വികാരി ജനറൽ മോൺസിഞ്ഞോർ റോക്കി റോബി കളത്തിൽ ആമുഖ സന്ദേശം നൽകി. 2033 ലേക്കുള്ള ഭാരത കത്തോലിക്ക സഭയുടെ ശുശ്രൂഷ മാർഗരേഖ സംബന്ധിച്ച ചർച്ചകൾ സംഘടിപ്പിച്ചു. രൂപതയിലെ വിവിധ ശുശ്രൂഷ മേഖലകളെ പ്രതിനിധീകരിച്ച് നൂറോളം പേർ വർക്ക്ഷോപ്പിൽ പങ്കെടുത്തു. ഫാ. ഡോ. ജിജു അറക്കത്തറ, ഫാ. ഷാജ് കുമാർ ഡി., സിസ്റ്റർ ജോസഫൈൻ ഒ പി, എന്നിവർ ക്ലാസുകൾ നയിച്ചു.

## സാൻജോ മീറ്റ്-2024

വിവാഹം മുതൽ പത്തു വർഷം വരെ എത്തിയിരിക്കുന്ന *ദമ്പതികളുടെ സംഗമം* **"സാൻജോ മീറ്റ്–2024"** മാർച്ച് 17–ാം തീയതി ഞായറാഴ്ച രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ വികാസ് ആൽബർട്ടൈൻ ആനിമേഷൻ സെന്ററിൽ വച്ച് ഫാമിലി അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ നടത്തുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ദമ്പതികൾ **മാർച്ച് 9–ാം തീയതിയ്ക്കു മുമ്പായി** *പേരും ഫോൺ നമ്പറും ഫാമിലി അപ്പസ്തോലേറ്റ് ഓഫീസിൽ എത്തിക്കുക.* **ഓഫീസ് ഫോൺ : 7034903733**

## ലാപ്ടോപുകളുടെ വിതരണോദ്ഘാടനം



കോട്ടപ്പുറം: നാഷണൽ N.G.O കോൺഫെഡറേഷന്റെയും കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്മെൻറ് സൊസൈറ്റി (KIDS) യുടെയും സഹകരണത്തോടെ വിദ്യാർത്ഥികൾക്ക് 50% സാമ്പത്തിക സഹായത്തോടെയുള്ള ലാപ്ടോപുകളുടെ വിതരണം കോട്ടപ്പുറം രൂപതാദ്ധ്യക്ഷൻ റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ ഉദ്ഘാടനം ചെയ്തു. പ്ലസ്ടു, പ്രൊഫണൽ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത്.

## സ്റ്റെല്ല മാരിസ് ഇന്റർനാഷണൽ ലാംഗ്വേജ് അക്കാഡമി




കേരള ഗവൺമെന്റിന്റെ സഹകരണത്തോടെ ODEPC നടത്തുന്ന ജർമ്മൻ ലാംഗ്വേജ് ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് ആയി കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്മെൻറ് സൊസൈറ്റിയും (KIDS) കോട്ടപ്പുറം രൂപതയും സംയുക്തമായി നടത്തുന്ന സ്റ്റെല്ല മാരിസ് ഇന്റർനാഷണൽ ലാംഗ്വേജ് അക്കാഡമി (ILA) 2024 ഫെബ്രുവരി 12-ാം തീയതി രാവിലെ 11 മണിക്ക് കിഡ്സ് ക്യാമ്പസിൽ വച്ച് വെരി. റവ. മോൺ. റോക്കി റോബി കളത്തിൽ (കോട്ടപ്പുറം രൂപത: വികാർ ജനറൽ) ഭദ്രദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്തു.

## ' ഈശോയോടൊപ്പം ആരാധനാ മലരുകൾ ' പുസ്തകം പ്രകാശനം



മുനമ്പം ബീച്ച് വേളാങ്കണ്ണി മാതാ ഇടവക കേന്ദ്ര സമിതി പ്രസിഡന്റ് സിജി ജിൻസൺ എഴുതിയ ഈശോയോടൊപ്പം ആരാധനാ മലരുകൾ എന്ന പുസ്തകം കോട്ടപ്പുറം രൂപതാ മെത്രാൻ റൈറ്റ്. റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ പ്രകാശനം ചെയ്തു.

**ഫാമിലി അപ്പസ്തോലേറ്റിന്റെ മാർച്ച് മാസത്തെ പരിപാടികൾ**

**8, 9, 10 തീയതിളിൽ വിവാഹ ഒരുക്ക കോഴ്സ്**

**10 -ാം തീയതി** വിവാഹ ഒരുക്ക കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുള്ള **സെമിനാർ** ( 2pm - 4 pm)

"തൈച്ചെടിപോലെ, വരണ്ട ഭൂമിയിൽ നിൽക്കുന്ന മുളപോലെ, അവൻ അവിടുത്തെ മുൻപിൽ വളർന്നു. ശ്രദ്ധാർഹമായരൂപഭംഗിയോ ഗാംഭീര്യമോ ആകർഷകമായ സൗന്ദര്യമോ അവനുണ്ടായിരുന്നില്ല."
ഏശയ്യാ 53 : 2

# കോട്ടപ്പുറം രൂപതയിൽ യൂദിത് – നവോമി ഫോറം ലീഡേഴ്സ് മീറ്റ് നടത്തി



കോട്ടപ്പുറം രൂപതയിലെ വിവിധ ഇടവകകളിലെ വിധവകൾക്ക് വേണ്ടി യൂദിത് – നവോമി ഫോറം ലീഡേഴ്സ് മീറ്റ് സംഘടിപ്പിച്ചു. കോട്ടപ്പുറം രൂപത വികാർ ജനറൽ മോൺ. റോക്കി റോബി കളത്തിൽ ഉദ്ഘാടനം ചെയ്തു. യേശുവിന്റെ കരുണയുടെ മുഖമാണ് സഭയ്ക്ക് ഉള്ളത്. വിധവകൾക്ക് വേണ്ടിയുള്ള യൂദിത്-നവോമി ഫോറത്തിലൂടെയും സഭയുടെ കാരുണ്യത്തിന്റെ മുഖമാണ് കാണാൻ സാധിക്കുന്നത് എന്ന് മോൺ. റോക്കി റോബി കളത്തിൽ ഉദ്ഘാടന സന്ദേശത്തിലൂടെ പറഞ്ഞു. കോട്ടപ്പുറം രൂപത ഫാമിലി അപ്പസ്തോലേറ്റ് ഡയറക്ടർ ഫാ. അഗസ്റ്റിൻ നിമേഷ് കാട്ടാശ്ശേരി അദ്ധ്യക്ഷത വഹിച്ചു. കെസിബിസി യൂദിത് – നവോമി ഫോറത്തിന്റെ പ്രസിഡന്റ് ഫിലോമിന തോമസ് ആശംസകൾ നേർന്നു.

എറണാകുളം – അങ്കമാലി അതിരൂപതയിലെ ശാന്തി ബിജു ക്ലാസ്സ് നയിച്ചു. കോട്ടപ്പുറം രൂപത ഫാമിലി അപ്പോസ്തലേറ്റ് സെക്രട്ടറി സിസ്റ്റർ ബിനു പെരേര OSHJ സ്വാഗതവും, കെസിബിസി യൂദിത്-നവോമി ഫോറം ജനറൽ സെക്രട്ടറി മേരി മോൺസി നന്ദിയും അർപ്പിച്ചു. കോട്ടപ്പുറം രൂപതയിലെ വിവിധ ഇടവകകളിൽ നിന്നുള്ള വിധവകളായ ലീഡേഴ്സ് ഈ മീറ്റിങ്ങിൽ പങ്കെടുക്കുകയും രൂപത യൂദിത്ത്-നവോമി ഫോറം എക്സിക്യൂട്ടീവ് ടീമിനെ തിരഞ്ഞെടുക്കുകയും ചെയ്തു.

## പിതാവിന്റെ ഡയറി – മാർച്ച് 2024

| | | |
|---|---|---|
| മാർച്ച് 02 | ഫാ. ജേക്കബ് കോണത്ത് – മുപ്പതാം ചരമദിനം, കൃഷ്ണൻകോട്ട | 10.30 am |
| മാർച്ച് 06 | രജതജൂബിലി, കാര കിന്റർഗാർട്ടൻ | 5.30 pm |
| മാർച്ച് 9 – 15 | Bishop's Orientation Programme, Bombay | |
| മാർച്ച് 16 | ബിരുദദാന ചടങ്ങ്, ഡോൺ ബോസ്കോ ഹോസ്പിറ്റൽ | 3.30 pm |
| മാർച്ച് 17 | വിവാഹം കഴിഞ്ഞ് 10 വർഷമായ ദമ്പതികളുടെ കൂട്ടായ്മ | 9.30 am |
| | ദിവ്യബലി, കണ്ണമാലി | 5.30 pm |
| മാർച്ച് 18 | ദിവ്യബലി, കുറുമ്പത്തുരുത്ത് | 5.00 pm |
| മാർച്ച് 19 | ദിവ്യബലി, പീച്ചി | 5.00 pm |
| മാർച്ച് 22 | ദിവ്യബലി, 40 മണിക്കൂർ ആരാധന സമാപനം, പള്ളിപ്പുറം ബസിലിക്ക | 7.00 pm |
| മാർച്ച് 23 | ഓശാന ഞായർ, സെന്റ് മൈക്കിൾസ് കത്തീഡ്രൽ, കോട്ടപ്പുറം | |
| മാർച്ച് 25 | വൈദിക ദിനം, തൃശ്ശൂർ | |
| മാർച്ച് 26 | വൈദിക ദിനം, വിജയപുരം | |
| മാർച്ച് 28 | തൈലപരികർമ്മ പൂജ, കാക്കനാട് ജയിൽ സന്ദർശനം | 11.00 am |
| മാർച്ച് 31 | ഈസ്റ്റർ, സെന്റ് മൈക്കിൾസ് കത്തീഡ്രൽ, കോട്ടപ്പുറം | |

"അവൻ മനുഷ്യരാൽ നിന്ദിക്കപ്പെടുകയും ഉപേക്ഷിക്കപ്പെടുകയും ചെയ്തു. അവൻ വേദനയും ദുഃഖവും നിറഞ്ഞവനായിരുന്നു. അവനെ കണ്ടവർ മുഖം തിരിച്ചുകളഞ്ഞു."

ഏശയ്യാ 53 : 3

പിൻമൊഴി



# അനുഗ്രഹീതം ഈ പുണ്യകാലം



ഫാ. ജോസഫ് കുന്നത്തൂർ

**ക്രൈ**സ്തവലോകം നോമ്പുകാലത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. ലോകം ആഡംബരത്തിന്റെയും സുഖലോലുപതയുടെയും പിന്നാലെ പരക്കം പായുമ്പോൾ ഒരുനിമിഷം ഒന്ന് സഡൺ ബ്രേക്കിടുവാനും, ഒന്നു നിൽക്കുവാനും, മൂല്യങ്ങളെ ഒന്ന് പുനർനിർവചിക്കുവാനുമുള്ള ഒരു സന്ദർഭമാണ് നോമ്പുകാലം. **ലോകജനതയുടെ വലിയൊരു വിഭാഗം ഇപ്പോഴും ദാരിദ്ര്യ ദുഃഖത്താൽ ക്ലേശിക്കുന്നവരും പാർശ്വവത്കരിക്കപ്പെട്ടവരുമാണെന്ന യാഥാർത്ഥ്യം തിരിച്ചറിയുവാനും, അവരോട് പക്ഷം ചേരുവാനും, സ്വയം ആഹാരം ഉപേക്ഷിച്ചുകൊണ്ട് അവരുടെ വിശപ്പിന്റെ വേദന സ്വായത്തമാക്കുവാനുമുള്ള ഒരു ശ്രമംകൂടിയാണ് ഉപവാസം.** കൂടാതെ ഒരുനേരമെങ്കിലും ആഹാരം വേണ്ടെന്നുവച്ചുകൊണ്ട് പങ്കുവയ്ക്കലിന്റെ ക്രൈസ്തവമൂല്യം ഗ്രഹിക്കുവാനും സ്വന്തം ശരീരരക്തങ്ങൾ പോലും പിച്ചിച്ചീന്തി നമുക്കായി പങ്കുവച്ചു നൽകിയ ദിവ്യഗുരുവിന്റെ ദർശനം നമ്മുടെ ജീവിതത്തിലേക്ക് ആവാഹിക്കുവാനുമുള്ള ഒരു എളിയ ശ്രമം. **എല്ലാം ദാനമായി ലഭിച്ചതാണെന്നും, ഒന്നും സ്വന്തമല്ലെന്നും, കിട്ടിയതെല്ലാം കൊടുക്കുവാനുള്ളതാണെന്നുമുള്ള പരിശുദ്ധ കുർബാനയുടെ അർത്ഥം അതിന്റെ ആഴത്തിലും വ്യാപ്തിയിലും ഉൾക്കൊള്ളുവാനുള്ള ഒരു അവസരം.** ലംബതലത്തിൽ ഈശ്വരോന്മുഖതയും, തിരശ്ചീനതലത്തിൽ സാഹോദര്യബോധവും സ്വായത്തമാക്കുവാൻ നോമ്പുകാലത്തിലെ ഉപവാസവും പ്രാർത്ഥനയും നമ്മെ സഹായിക്കുന്നു. ***"മനുഷ്യാ, നീ മണ്ണാകുന്നു. മണ്ണിലേക്കു തന്നെ നീ പിന്തിരിയും" എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട്, അഹങ്കാരവും ആഭിജാത്യവും മാറ്റിവച്ച്, മനുഷ്യന്റെ നിസ്സാരതയെയും ക്ഷണഭംഗുരതയെയും മനസ്സിലാക്കി, എല്ലാവരും ആറടിമണ്ണിന്റെ ഉടമകൾ മാത്രമാണെന്ന് തിരിച്ചറിഞ്ഞ്, സ്വയം ശൂന്യവത്കരണത്തിന്റെ ഉദാത്തമാതൃകയായ യേശുവിനെ പുൽകുവാനുള്ള പുണ്യകാലമാണിത്.*** പ്രപഞ്ചത്തിന്റെയും പ്രകൃതിയുടെയും മനോഹാരിതയത്രയും മാനസങ്ങളിലേക്കാവാഹിച്ച് പ്രപഞ്ച സൃഷ്ടാവിലേക്ക് കൂടുതൽ കൂടുതൽ ഐക്യപ്പെടുവാനും, ആത്മപരിത്യാഗത്തിലൂടെയും സ്വയം നിയന്ത്രണത്തിലൂടെയും സ്വന്തം ആത്മസത്തയെ കണ്ടെത്തുവാനും, അങ്ങനെ ഈ തപസ്സുകാലം പുണ്യത്തിന്റെ പൂക്കാലമായി പ്രശോഭിതമാകട്ടെ. "ലോകം മുഴുവൻ നേടിയാലും ആത്മാവ് നഷ്ടപ്പെട്ടാൽ എന്ത് പ്രയോജനം?"

*"ആടുകളെപ്പോലെ നാം വഴിതെറ്റിപ്പോയി. നാമോരോരുത്തരും സ്വന്തം വഴിക്കുപോയി. നമ്മുടെ അകൃത്യങ്ങൾ കർത്താവ് അവന്റെ മേൽ ചുമത്തി."* ഏശയ്യാ 53 : 6